2025 APRIL
24
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## അതിർത്തി പൂർണമായി അടയ്ക്കും
# പാക് പൗരൻമാർക്ക് രാജ്യം വിടാൻ 48 മണിക്കൂർ സമയം



**ന്യൂഡൽഹി:** പഹൽഗാം ഭീകരാക്രമണത്തിനു പിന്നാലെ കനത്ത തിരിച്ചടിയുമായി ഇന്ത്യ. പാക്കിസ്ഥാനുമായുള്ള സിന്ധൂനദീജലകരാർ മരവിപ്പിച്ചതടക്കമുള്ള തീരുമാനങ്ങളാണ് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന സുരക്ഷാസമിതി യോഗത്തിൽ എടുത്തത്. അട്ടാരിയിലെ ഇന്ത്യ , പാക്കിസ്ഥാൻ അതിർത്തി പൂർണമായും അടച്ചു. നിലവിൽ ഇന്ത്യയിലുള്ള എല്ലാ പാക്ക് പൗരന്മാരുടെയും വീസ റദ്ദാക്കി. എല്ലാ പാക്ക് പൗരന്മാരും 48 മണിക്കൂറിനുള്ളിൽ ഇന്ത്യ വിടണം. ഇനി പാക്ക് പൗരന്മാർക്ക് വീസ നൽകില്ല എന്നും തീരുമാനിച്ചു. സാർക് വീസ എക്സ്റ്റൻഷൻ സ്കീം പ്രകാരം വീസ ലഭിച്ച എല്ലാ പാക്കിസ്ഥാൻകാരുടെയും വീസ റദ്ദാക്കിയിട്ടുണ്ട്. പാക്ക് ഹൈക്കമ്മീഷനിലെ ഉദ്യോഗസ്ഥൻമാർക്ക് രാജ്യം വിടാൻ ഒരാഴ്ച സമയം നൽകിയിട്ടുണ്ട്. ഇന്ത്യയിലുള്ള പാക്കിസ്ഥാന്റെ നയതന്ത്ര കാര്യാലയത്തിലെ ഉദ്യോഗസ്ഥന്മാരുടെ എണ്ണം 55ൽ നിന്ന് 30 ആക്കി വെട്ടിക്കുറക്കാനും തീരുമാനമായിട്ടുണ്ട്.

പാക്കിസ്ഥാനിലുള്ള ഇന്ത്യൻ നയതന്ത്രജ്ഞരെ തിരിച്ചുവിളിക്കും. പാക്ക് പ്രതിരോധ ഉദ്യോഗസ്ഥരെ ഇന്ത്യ പുറത്താക്കാൻ തീരുമാനിച്ചു. ഇതോടെ ശക്തമായി തിരിച്ചടിക്കുമെന്ന മുന്നറിയിപ്പാണ് ഇന്ത്യ നൽകിയിരിക്കുന്നത്. പാക്കിസ്ഥാനുമായി ബന്ധപ്പെട്ട് നയതന്ത്ര ബന്ധങ്ങളിൽ ഇത്ര കടുത്ത തീരുമാനം എടുക്കുന്നത് ഇതാദ്യമായാണ്. രണ്ടര മണിക്കൂറോളം നീണ്ട സുരക്ഷാസമിതി യോഗത്തിനൊടുവിലാണ് തീരുമാനം പുറത്തുവന്നത്. നയതന്ത്ര കാര്യാലയത്തിൽ ഏതാനും ഉദ്യോഗസ്ഥരെ നിലനിർത്തുന്നത് ഒഴിച്ചാൽ പാക്കിസ്ഥാനുമായി ഇനി ഒരു ബന്ധത്തിനുമില്ല എന്ന തീരുമാനമാണ് ഇന്ത്യ എടുത്തിരിക്കുന്നത്.

ഭീകരാക്രമണത്തെ ഇന്ന് ചേർന്ന സിസിഎസ് യോഗം അപലപിച്ചു . പിന്തുണ അറിയിച്ച വിദേശരാജ്യങ്ങൾക്കു വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി നന്ദി അറിയിച്ചു. ഭീകരാക്രമണത്തിനു അതിർത്തി കടന്നു പിന്തുണ ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. എല്ലാ സേനാ വിഭാഗങ്ങൾക്കും അതീവ ജാഗ്രത പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഭീകരാക്രമണത്തിലെ കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുമെന്നും അവർക്കു പിന്തുണ നൽകിയവരെ പിടികൂടുമെന്നും യോഗത്തിനു ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു. തഹാവൂർ റാണയെ അടുത്തിടെ കൈമാറിയത് പോലെ, ഭീകരപ്രവർത്തനങ്ങൾ നടത്തിയവരെയോ ഗൂഢാലോചന നടത്തിയവരെയോ പിന്തുടരുന്നതിൽ ഇന്ത്യ വിട്ടുവീഴ്ച കാണിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ, ജോയിന്റ് സെക്രട്ടറി എം. ആനന്ദ് പ്രകാശ് തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ഇന്ത്യയുടെ തിരിച്ചടി ഭയന്ന് പാക്കിസ്ഥാനിൽ പടയൊരുക്കം

**ഇസ്‌ലാമാബാദ്:** പഹൽഗാം ആക്രമണത്തിന് ഇന്ത്യയുടെ തിരിച്ചടി പ്രതീക്ഷിച്ച് പാക്കിസ്ഥാനിൽ തയാറെടുപ്പ്. അതിർത്തിയിൽ കൂടുതൽ സൈന്യത്തെ വിന്യസിച്ച പാക്കിസ്ഥാൻ വ്യോമസേനയ്ക്ക് ജാഗ്രതാ നിർദേശം നൽകി. ആക്രമണത്തിനു പിന്നിൽ ലഷ്കർ ഇ തൊയ്ബയും പാക് നേതൃത്വവുമാണെന്ന പ്രാഥമിക റിപ്പോർട്ട് പുറത്തുവന്നതോടെയാണ് പാക് സൈന്യത്തിന്റെ നീക്കം. ഭീകരസംഘത്തിലെ മൂന്നു പേർ പാക്കിസ്ഥാനിൽ നിന്നുള്ളവരാണെന്നാണു റിപ്പോർട്ട്.

2016ൽ ഉറിയിലും 2019ലെ പുൽവാമയിലുമുണ്ടായ ഭീകരാക്രമണങ്ങൾക്ക് ഇന്ത്യ അതിശക്തമായ തിരിച്ചടി നൽകിയിരുന്നു. ഉറി ആക്രമണത്തിനു കരസേനയുടെ കമാൻഡോകൾ നിയന്ത്രണ രേഖ കടന്ന് മിന്നലാക്രമണത്തിലൂടെ മറുപടി നൽകിയപ്പോൾ, പുൽവാമയിൽ സിആർപിഎഫ് ജവാന്മാരുടെ ജീവനെടുത്ത ഭീകരാക്രമണത്തിന് ബാലാക്കോട്ടിലെ വ്യോമാക്രമണമായിരുന്നു മറുപടി.

ഇത്തവണ അതിർത്തി ഗ്രാമങ്ങളിൽ നിന്നു പാക്കിസ്ഥാൻ ജനങ്ങളെ ഒഴിപ്പിച്ചിട്ടുണ്ട്. മാസങ്ങൾക്കു മുൻപേ അതിർത്തിയിലും നിയന്ത്രണ രേഖയിലും കുഴിബോംബുകൾ സ്ഥാപിച്ചെന്നും റിപ്പോർട്ടുണ്ട്. പാക് ചാര സംഘടന ഐഎസ്ഐയും ജാഗ്രതയിലാണ്. ഭീകരാക്രമണത്തെ അപലപിച്ച പാക് നേതൃത്വം തങ്ങൾക്ക് പങ്കില്ലെന്ന നിലപാടിലാണെങ്കിലും ലോകരാജ്യങ്ങൾ ഇതു കണക്കിലെടുക്കുന്നില്ല.

ലഷ്കറിന്റെ മറ്റൊരു രൂപമായ ദി റെസിസ്റ്റൻറ് ഫ്രണ്ട് (ടിആർഎഫ്) ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരുന്നു. അതിനിടെ, മുൻ പാക് സേനാ മേധാവി ജനറൽ അസിം മുനീർ പ്രവാസികളായ പാക്കിസ്ഥാനികളുടെ സമ്മേളനത്തിൽ നടത്തിയ പ്രസ്താവനയ്ക്ക് ആക്രമണവുമായി ബന്ധമുണ്ടെന്ന വിലയിരുത്തലുകളുമുണ്ട്. കശ്മീരിനെ ഒരിക്കലും മറക്കാനാവില്ലെന്നും അതു പാക്കിസ്ഥാന്റെ കഴുത്തിലെ രക്തക്കുഴലാണെന്നുമായിരുന്നു ഇയാളുടെ പ്രസ്താവന.

പാക് പ്രധാനമന്ത്രി ഷഹബാസ് ഷെരീഫ് ഉൾപ്പെടെ പങ്കെടുത്ത ചടങ്ങിലാണ് കശ്മീരിനെക്കുറിച്ചു പറഞ്ഞതിനു പുറമേ പാക് മുസ്ലിംകൾ ഇന്ത്യക്കാരെക്കാൾ മേൽക്കോയ്മയുള്ളവരാണെന്നതടക്കം വിദ്വേഷ പരാമർശങ്ങളും ഇയാൾ നടത്തിയിരുന്നു.



# ഇന്ത്യയുടെ വളർച്ചാ സാധ്യത വെട്ടിച്ചുരുക്കി ലോക ബാങ്ക്

**ന്യൂഡൽഹി:** നടപ്പ് സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ വളർച്ചാ പ്രവചനം ലോക ബാങ്ക് വെട്ടിച്ചുരുക്കി. ആഗോളതലത്തിൽ വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങൾ നിലനിൽക്കുന്നതു കണക്കിലെടുത്താണ് ലോക ബാങ്ക് 2025 ഏപ്രിൽ 23ന് നാല് ശതമാനം പോയിൻറ് വെട്ടിച്ചുരുക്കി 6.3 ശതമാനമാക്കിയത്.

2025–26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ വളർച്ച 6.7 ശതമാനമായിരിക്കുമെന്ന് ലോക് ബാങ്ക് മുൻ എസ്റ്റിമേറ്റിൽ പ്രവചിച്ചിരുന്നു. ചൊവ്വാഴ്ച ഐഎംഎഫ് (അന്താരാഷ്ട്ര നാണയ നിധി) ഇന്ത്യയുടെ നടപ്പ് സാമ്പത്തിക വർഷത്തെ ജിഡിപി പ്രവചനം ജനുവരിയിലെ 6.5 ശതമാനത്തിൽനിന്ന് 6.2 ശതമാനമായി കുറയ്ക്കുകയായിരുന്നു.

വ്യാപാര യുദ്ധം രൂക്ഷമാകുന്നതിൻറെ ആഘാതം ചൂണ്ടിക്കാട്ടി, ഐഎംഎഫ് ഈ വർഷത്തെ ആഗോള വളർച്ചാ പ്രവചനം നേരത്തെ പ്രഖ്യാപിച്ച 3.3%ത്തിൽനിന്ന് 2.8% ആയി കുറച്ചിരുന്നു.



# ഭീകരാക്രമണങ്ങൾ തുടച്ചു നീക്കണം: സീറോമലബാർസഭ

**കാക്കനാട്:** രാജ്യസുരക്ഷയെ അപകടത്തിലാക്കുന്ന ഭീകരാക്രമണങ്ങൾ എന്നേക്കുമായി തുടച്ചു നീക്കണമെന്ന് സീറോമലബാർസഭ. തീവ്രവാദവും ഭീകരാക്രമണങ്ങളും മനുഷ്യസമൂഹത്തിന് എതിരായ വലിയ വെല്ലുവിളികളാണ്. ഇവ മനുഷ്യത്വത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ ചോദ്യം ചെയ്യുകയും, സമാധാനത്തിന്റെയും സൗഹാർദത്തിന്റെയും അന്തരീക്ഷം തകർക്കുകയും ചെയ്യുന്നു. കാശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരക്രമണത്തെ സീറോമലബാർസഭ അപലപിക്കുകയും ഭീകരർക്കെതിരെ മാതൃകാപരമായ നിയമ നടപടികൾ സ്വീകരിക്കണമെന്നും സഭാനേതൃത്വം ആവശ്യപ്പെട്ടു.

ഭീകരതയുടെ ലക്ഷ്യം ഭയം വിതയ്ക്കുക മാത്രമല്ല, സമൂഹത്തെ വിഭജിച്ച് അതിന്റെ ഏകത്വം തകർക്കുക കൂടിയാണ്. ഭീകരവാദികൾ പലപ്പോഴും നിരപരാധികളായ ജനങ്ങളെ ലക്ഷ്യമാക്കുകയും, അവരുടെ ജീവിതത്തെ തകർക്കുകയും ചെയ്യുന്നു. ഇത്തരം സംഭവങ്ങൾ മനുഷ്യരാശിയുടെ മുന്നേറ്റത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഭീകരതയെ ചെറുക്കാൻ രാജ്യങ്ങൾ തമ്മിലുള്ള സഹകരണം, ശക്തമായ നിയമങ്ങൾ, ജനങ്ങളുടെ ജാഗ്രത എന്നിവ അനിവാര്യമാണ്. രാജ്യത്തെ ചിഹ്നഭിന്നമാക്കാൻ ശ്രമിക്കുന്ന ഇത്തരം വിധ്വംസക പ്രവർത്തകരെയും തീവ്രവാദികളെയും തള്ളിപ്പറയാനും ഒറ്റപ്പെടുത്താനും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും പൊതുസമൂഹവും രാഷ്ട്രീയ നേതൃത്വങ്ങളും സംഘടനകളും ഒറ്റക്കെട്ടായി പരിശ്രമിക്കണം. നാടിന്റെ നന്മയെയും ജനങ്ങളുടെ സ്വൈര്യജീവിതത്തെയും രാജ്യസുരക്ഷയെതന്നെയും അപകടത്തിലാക്കുന്ന ഭീകരവാദികളെയും തീവ്രവാദ സംഘടനകളേയും പൂർണ്ണമായും തുടച്ചുനീക്കാൻ സംഘടിതമായ പരിശ്രമവും അതിശക്തമായ നടപടികളും ഉണ്ടാകണമെന്നും സീറോമലബാർ സഭ ആവശ്യപ്പെട്ടു.

## പഹൽഗാം ആക്രമണം: പാക്ഭീകരതയ്ക്ക് ശക്തമായ മറുപടി നൽകണം: വിശ്വഹിന്ദുപരിഷത്ത്

**കൊച്ചി:** പഹൽഗാമിൽ വിനോദ സഞ്ചാരികളെ അതിക്രൂരമായി വെടിവെച്ചു കൊലപ്പെടുത്തിയ പാകിസ്ഥാൻ ഭീകരർക്ക് ശക്തമായ തിരിച്ചടി നൽകണമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ എന്നിവർ വാർത്താകുറിപ്പിൽ ആവശ്യപ്പെട്ടു. കേട്ടുകേൾവിയില്ലാത്ത വിധം പേര് ചോദിച്ചശേഷം നിരപരാധികളായ വിനോദ സഞ്ചാരികളെ വെടിവെച്ച് കൊലപ്പെടുത്തിയ നടപടി ഞെട്ടിക്കുന്നതും അങ്ങേയറ്റം വേദനാജനകവുമാണ്. ആക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിക്കുകയും അവരുടെ കുടുംബാംഗങ്ങളുടെ ദുഖത്തിൽ വിഎച്ച്പി പങ്കു ചേരുകയും ചെയ്യുന്നു. ശാന്തമായ ജീവിതത്തിലേക്ക് മടങ്ങിവന്നുകൊണ്ടിരുന്ന കാശ്മീരിൽ വീണ്ടും ഭീകര പ്രവർത്തനത്തിലൂടെ അശാന്തിയുടെ വിത്തുവിതച്ച് വീണ്ടും ഒറ്റപ്പെടുത്താൻ ശ്രമിക്കുന്ന പാക് നിലപാട് പാടേ തുടച്ചു നീക്കപ്പെടണം. ഇനിയും ഇത് വെച്ചുപൊറുപ്പിക്കാൻ കഴിയില്ല. ശക്തമായ തിരിച്ചടി നൽകി പാകിസ്ഥാൻ ഭീകരരുടെ അടിവേരറുക്കണമെന്നും വിശ്വഹിന്ദുപരിഷത്ത് നേതാക്കൾ ആവശ്യപ്പെട്ടു.

## ശിൽപ്പശാല സംഘടിപ്പിച്ചു

**പൊന്നുരുന്നി:** സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 140 നിയമസഭാ നിയോജക മണ്ഡലങ്ങളിലും സംഘടിപ്പിക്കുന്ന കുളിർമ കൂൾ റൂഫ് ടെക്നോളജി കാംപയിന്റെ തൃക്കാക്കര മണ്ഡലതല ശിൽപ്പശാല പൊന്നുരുന്നിയിൽ നടത്തി. സംസ്ഥാന ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷൻ, ബ്യുറോ ഓഫ് എനർജി എഫിഷ്യൻസി , സംസ്ഥാന ദുരന്ത ജാഗ്രത അതോറിറ്റി എന്നിവരുടെ സഹകരണത്തോടെ എറണാകുളംഅങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന, പരിസ്ഥിതി പരിപാലന വിഭാഗമായ സഹൃദയയുടെ ആഭിമുഖ്യത്തിലാണ് 'കുളിർമ ' ഊർജ സംരക്ഷണ ശില്പശാല സംഘടിപ്പിച്ചത്. വീടുകളിലും കെട്ടിടങ്ങളിലും കൂൾ റൂഫ് സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിച്ച് ഉള്ളിലെ ചൂട് കുറയ്ക്കുകയും ഫാൻ, എ.സി തുടങ്ങിയവയുടെ ഉപയോഗം പരമാവധി കുറയ്ക്കുകയും ചെയ്യുന്നതിനെക്കുറിച്ചുള്ള അറിവു നൽകലാണ് ശിൽപ്പശാലയുടെ ലക്ഷ്യം. സഹൃദയ ഹാളിൽ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം കൊച്ചി നഗരസഭാ കൗൺസിലർ സക്കീർ തമ്മനം ഉദ്ഘാടനം ചെയ്തു.

## എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ ശ്രീമദ് ഭാഗവത സപ്താഹയജ്ഞം

**കൊച്ചി:** ശ്രീനാരായണ ധർമ്മസമാജം വക എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ ശ്രീമദ് ഭാഗവത സപ്താഹയജ്ഞം ഈ മാസം 27 മുതൽ മെയ് 4 വരെ നടക്കും. യജ്ഞ ശാലയിൽ പ്രതിഷ്ഠിക്കാനുള്ള വിഗ്രഹം 27 നു വൈകിട്ട് അഞ്ച് മണിക്ക് ചിറ്റൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ നിന്ന് രഥയാത്രയായി കൊണ്ടുവരും. തുടർന്ന് നടക്കുന്ന ചടങ്ങിൽ സപ്താഹ യജ്ഞത്തിന്റെ ഉദ്ഘാടനം ഗാനരചയിതാവ് ആർ കെ ദാമോദരൻ ഉദ്ഘാടനം ചെയ്യും. ബേക്കറി ബി മാനേജിംഗ് ഡയറക്ടർ പി എ കെ വിശ്വനാഥൻ ആചാര്യവരണം നടത്തും. എസ് എൻ ഡി സമാജം പ്രസിഡന്റ് സി എം ശോഭനൻ അധ്യക്ഷത വഹിക്കും. സെക്രട്ടറി പി ഐ രാജീവ് സ്വാഗതം പറയും. ക്ഷേത്രം മേൽശാന്തി പി എ സുധി വിഗ്രഹ പ്രതിഷ്ഠ നിർവഹിക്കും. വി പി സീമന്തിനി ദീപപ്രോജ്ജ്വലനം നടത്തും. ദേവസ്വം മാനേജർ ഇ രാജീവൻ നന്ദി പറയും.

ഒന്നാം ദിവസമായ തിങ്കളാഴ്ച വൈകിട്ട് ആറിന് വരാഹാവതാരം, ചൊവ്വാഴ്ച വൈകിട്ട് ആറരയ്ക്ക് ഭദ്രകാളിപ്രാദുർഭാവം. മൂന്നാം ദിനമായ ബുധനാഴ്ച വൈകിട്ട് ആറരയ്ക്ക് നരസിംഹാവതാരം ദർശനം. വ്യാഴാഴ്ച ഉച്ചയ്ക്ക് 12 നു വിദ്യാഗോപാലമന്ത്രാർച്ചന തുടർന്ന് ശ്രീരാമവതാരം.വൈകിട്ട് ആറരയ്ക്ക് ശ്രീകൃഷ്ണാവതാരം. വെള്ളിയാഴ്ച ഉച്ചയ്ക്ക് പന്ത്രണ്ടിന് ഉണ്ണിയൂട്ട്, വൈകിട്ട് ആറിന് രുക്മിണീ സ്വയംവരം. ശനിയാഴ്ച ഉച്ചയ്ക്ക് പന്ത്രണ്ടിന് കുചേലവൃത്തം. ഞായറാഴ്ച രാവിലെ ഒൻപതരയ്ക്ക് സ്വർഗാരോഹണം, ഉച്ചയ്ക്ക് പന്ത്രണ്ടിന് ആറാട്ടോടെ സമാപനം.

# പത്തനംതിട്ടയിലെ ആറ് ആശുപത്രികളിൽ ദേശീയ നിലവാരത്തിൽ ലക്ഷ്യ ലേബർ റൂമുകൾ

**പത്തനംതിട്ട:** ജില്ലയിൽ അഞ്ച് ആശുപത്രികളിൽ കൂടി ദേശീയ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂമുകൾ സജ്ജമായതായി മന്ത്രി വീണാ ജോർജ്. അടൂർ ജനറൽ ആശുപത്രിക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ അടുത്തയിടെ ലഭ്യമായിരുന്നു. ഇതു കൂടാതെ കോന്നി മെഡിക്കൽ കോളജിൽ 3.5 കോടി രൂപ ചെലവിൽ ലക്ഷ്യ ലേബർ റൂം നിർമാണം പൂർത്തിയാക്കി.

കോഴഞ്ചേരി ജില്ലാ ആശുപത്രിയിലും ലക്ഷ്യ ലേബർ റൂം സജ്ജമാണ്. കോന്നി, തിരുവല്ല, റാന്നി താലൂക്ക് ആശുപത്രികളിൽ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂമുകളുടെ നിർമാണം പുരോഗമിക്കുകയാണ്. ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്താനായി അത്യാധുനിക സംവിധാനം ഉറപ്പുവരുത്തുകയാണ് ലക്ഷ്യ നിലവാരത്തിലൂടെ ലക്ഷ്യമിടുന്നത്.

മെഡിക്കൽ കോളജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവയിലാണ് ലക്ഷ്യ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ഇതേവരെ 14 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. കൂടുതൽ ആശുപത്രികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

കോന്നി മെഡിക്കൽ കോളജിൽ ഗൈനക്കോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായാണ് ലക്ഷ്യ ലേബർ റൂം സജ്ജമാക്കിയത്. നിലവിൽ ഗൈനക്കോളജി ഒപി പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ നിരവധി പേർ പ്രതിദിനം ചികിത്സ തേടിയെത്താറുണ്ട്. ലക്ഷ്യ ലേബർ റൂം ഉൾപ്പെടെ പ്രവർത്തനസജ്ജമാകുന്നതോടെ ഗൈനക്കോളജി വിഭാഗത്തിൽ മികച്ച സേവനം ലഭ്യമാകും.

കോന്നി മെഡിക്കൽ കോളജിൽ 27,922 ചതുരശ്ര അടി വിസ്തീർണത്തിലാണ് ലേബർ റൂം സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുള്ളത്. പുതിയ ഒപി വിഭാഗം, അൾട്രാ സൗണ്ട് സ്കാനിംഗ് റൂം, ട്രയേജ് ഏരിയ, ഗൈനക് മോഡുലാർ ഓപ്പറേഷൻ തിയറ്റർ, മൈനർ ഓപ്പറേഷൻ തിയറ്റർ, സെപ്റ്റിക് മോഡുലാർ ഓപ്പറേഷൻ തിയറ്റർ, രണ്ട് എൽഡിആർ സ്യൂട്ടുകൾ, പ്രസവത്തിനായി എത്തുന്നവരുടെ ആദ്യ, രണ്ടാം, മൂന്നാം ഘട്ട ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ, റിക്കവറി റൂമുകൾ, വാർഡുകൾ, ഡെമോ റൂം, എച്ച്ഡിയു, ഐസിയു, ഐസൊലേഷൻ യൂണിറ്റുകൾ എന്നിവ സജ്ജമാണ്.

കോന്നി മെഡിക്കൽ കോളജിൽ നിലവിൽ മൂന്ന് ബാച്ചുകളിലായി 300 വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. കിഫ്ബി മുഖേന 351.72 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി, 100 കിടക്കകൾ കൂടിയുള്ള ആശുപത്രിയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

26 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. ഇതുകൂടാതെ സാമൂഹികാരോഗ്യ കേന്ദ്രം തുമ്പമൺ, പ്രാഥമികാരോഗ്യ കേന്ദ്രം വള്ളിക്കോട് എന്നീ ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തി.

ജില്ലാ ആശുപത്രി കോഴഞ്ചേരി ജനറൽ ആശുപത്രി അടൂർ താലൂക്ക് ആശുപത്രികളായ റാന്നി, മല്ലപ്പള്ളി എന്നീ ആരോഗ്യ സ്ഥാപനങ്ങൾക്ക് 93.84 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി.


നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി പത്തനംതിട്ട, സാമൂഹികാരോഗ്യ കേന്ദ്രം എഴുമറ്റൂർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ കൂടൽ, മലയാലപ്പുഴ എന്നീ ആരോഗ്യ സ്ഥാപനങ്ങൾക്ക് 44.41 കോടി രൂപയുടെ നിർമാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകി. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എട്ടു കോടി രൂപ മുതൽ മുടക്കി കാത്ത് ലാബ് സ്ഥാപിച്ചു.

ഇതുകൂടാതെ കാത്ത് ലാബിൻറെ ആധുനികതയ്ക്കായി രണ്ടുകോടി രൂപ അനുവദിച്ചു. 23.75 കോടി രൂപയുടെ ക്രിട്ടിക്കൽ കെയർ ബ്ലോക്ക്, ഒപി ബ്ലോക്ക് എന്നിവയുടെ നിർമാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

അടൂർ ജനറൽ ആശുപത്രിയിൽ മദർ ആൻഡ് ചൈൽഡ് ബ്ലോക്ക് നിർമിക്കുന്നതിനായി 13 കോടി രൂപ അനുവദിച്ചു. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓക്സിജൻ സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിനായി ജില്ലയിലെ പ്രധാന ആശുപത്രികളിൽ ഓക്സിജൻ പ്ലാൻറുകൾ സ്ഥാപിച്ചു.

കോഴഞ്ചേരി ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് റീജണൽ പബ്ലിക് ഹെൽത്ത് ലാബ് ആരംഭിച്ചതും മന്ത്രി ചൂണ്ടിക്കാട്ടി.

കുടുംബാരോഗ്യ കേന്ദ്രങ്ങളായ ഓതറ, ചെന്നീർക്കര, ഓമല്ലൂർ, കോയിപ്രം ചന്ദനപ്പള്ളി, ഏഴംകുളം, വടശേരിക്കര, ആനിക്കാട്, നഗര കുടുംബാരോഗ്യ കേന്ദ്രം തിരുവല്ല, ജനറൽ ആശുപത്രി അടൂർ എന്നീ സ്ഥാപനങ്ങൾക്ക് ഗുണനിലവാരത്തിനുള്ള ദേശീയ അംഗീകാരമായ എൻക്യുഎഎസ് ലഭിച്ചു.



## കവനമാല പുസ്തകപ്രകാശനം നടന്നു

**കൊച്ചി:** അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കവി.എസ്. രമേശൻ നായർ സാഹിത്യ പുരസ്ക്കാരം ,കവനമാല 'പുസ്തകപ്രകാശനവും ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിൽ നടന്നു. അന്താരാഷ്ട്ര പുസ്തകോത്സവ സമിതി ജനറൽ സെക്രട്ടറി ഇ.എം.ഹരിദാസ് അദ്ധ്യക്ഷനായ ചടങ്ങിൽ സാഹിത്യകാരൻ പ്രൊഫ. എം.തോമസ് മാത്യു ഉദ്ഘാടനവും പുസ്തകപ്രകാശനവും നിർവ്വഹിച്ചു. തിരക്കഥാകൃത്ത് രാജേഷ് ജയരാമൻ പുസ്തകം ഏറ്റുവാങ്ങി .കവി എസ്. രമേശൻ നായർ പുരസ്കാരം വിമലാ പൈങ്ങോടും ,സൂര്യ ഭവും ഏറ്റുവാങ്ങി. കഥാകൃത്ത്,എഴുത്തുകാരൻ വെണ്ണല മോഹനൻ 'കവി രമേശൻ നായർ 'അനുസ്മരണം നടത്തി. റൂബി ജോർജ്ജ് പ്രാരംഭ ഗീതവും ,കെ.ആനന്ദബാബു സ്വാഗതവും ശ്രീമതി അമ്പിളി കൃതജ്ഞതയും രേഖപ്പെടുത്തി.

# നെല്ലുസംഭരണം ആരംഭിച്ചു

**അമ്പലപ്പുഴ:** ആശങ്കയ്ക്ക് വിരാമമിട്ട് ആഴ്ചകളായി സംഭരണം തടസപ്പെട്ട പാടശേഖരത്തുനിന്ന് നെല്ല് സംഭരണമാരംഭിച്ചു. ഈർപ്പമില്ലാത്ത ഉണങ്ങിയ നെല്ലിന് കർഷകർക്ക് നൽകേണ്ടി വന്നത് 15 കിലോ കിഴിവ്. കർഷകരുടെ ഗതികേട് മുതലെടുത്ത മില്ലുടമകൾക്ക് ഒത്താശയുമായി സിവിൽ സപ്ളൈസ് വകുപ്പുദ്യോഗസ്ഥരും.

കൊയ്ത്തു കഴിഞ്ഞു ദിവസങ്ങൾ പിന്നിട്ടിട്ടും നെല്ലെടുക്കാതിരുന്ന പുന്നപ്ര വെട്ടിക്കരി പാടശേഖരത്തെ നെല്ലാണ് ഒടുവിൽ സംഭരിക്കാൻ തുടങ്ങിയത്. 480 ഏക്കറുള്ള ഈ പാടശേഖരത്ത് 235 കർഷകരാണുള്ളത്. ഏതാനും ആഴ്ചകൾക്ക് മുൻപ് തന്നെ ഇവിടെ കൊയ്ത്ത് പൂർത്തിയാക്കിയിരുന്നു. ഒരേക്കർ കൊയ്യുന്നതിന് 2100 രൂപ നിരക്കിൽ യന്ത്രമുപയോഗിച്ചാണ് കൊയ്ത്ത് പൂർത്തിയാക്കിയത്.

കൊയ്ത നെല്ലെല്ലാം പാടശേഖരത്തിൻറെ പല ഭാഗങ്ങളിലായി കൂട്ടിയിട്ടിരിക്കുകയായിരുന്നു. ഈ പാടശേഖരത്തെ നെല്ലെടുക്കാൻ സിവിൽ സപ്ളൈസ് മൂന്നു മില്ലുകളെയാണ് ചുമതലപ്പെടുത്തിയത്. ഇതിൽ ഒരു മില്ല് തുടക്കത്തിൽത്തന്നെ സംഭരണത്തിൽനിന്ന് പിൻമാറായിരുന്നു. മറ്റ് രണ്ടു മില്ലുകാരിൽ ഒരു മില്ലിൻറെ ഏജന്റ് ഇവിടെയെത്തി നെല്ല് നോക്കിയ ശേഷം മടങ്ങിപ്പോയി. ഉപ്പുവെള്ള ആശങ്കയ്ക്കിടെയാണ് കർഷകർ മാസങ്ങൾ നീണ്ട അധ്വാനത്തിനൊടുവിൽ കൃഷി പൂർത്തിയാക്കിയത്. 20 ലക്ഷത്തിൽപ്പരം രൂപയുടെ നെല്ലാണ് മഴയിൽ നനയുമെന്ന ആശങ്കയിൽ ഇവിടെ കൂട്ടിയിട്ടിരുന്നത്.

ഒട്ടും ഈർപ്പമില്ലാത്ത നെല്ല് മഴയിൽ നനയിച്ച് ഈർപ്പത്തിൻറെ പേരിൽ കിഴിവ് കൂടുതൽ ആവശ്യപ്പെടാനുള്ള ഏജൻറുമാരുടെ തന്ത്രങ്ങളുടെ ഭാഗമായിട്ടാരുന്നു സംഭരണം വൈകിച്ചത്. വേനൽ മഴ ഇടക്കിടെ ശക്തമാകുന്നതിനാൽ കൊയ്ത നെല്ലെല്ലാം മഴയിൽ നശിക്കുമെന്ന ആശങ്കയിലായിരുന്നു കർഷകർ. ഏക്കറിന് നാൽപ്പതിനായിരം രൂപയോളം ചെലവിട്ടാണ് കർഷകർ കൃഷി പൂർത്തിയാക്കിയത്. ഒടുവിൽ ആഴ്ചകൾ നീണ്ട ആശങ്കക്കു ശേഷം കഴിഞ്ഞ ദിവസം മുതൽ സംഭരണമാരംഭിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# വനിതാ ഇൻഡസ്ട്രിയൽ പാർക്ക് ഉദ്ഘാടനം ചെയ്തു

**കണ്ണൂർ:** ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ മലപ്പട്ടത്ത് ആരംഭിച്ച വനിതാ ഇൻഡസ്ട്രിയൽ പാർക്ക് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. വികസനത്തിന്റെ രാഷ്ട്രീയത്തിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി യോജിപ്പുണ്ടാവണമെന്നും കൂടുതൽ സംരംഭങ്ങൾ ഉയർന്നുവരണമെന്നും മന്ത്രി പറഞ്ഞു. കേരളത്തിൽ നിലവിൽ 31 ശതമാനവും വനിതാ സംരംഭങ്ങളാണ്. കേരളത്തിൽ സംരംഭങ്ങൾക്ക് സാധ്യതകൾ ഏറെയാണെന്നും മന്ത്രി പറഞ്ഞു.

ഇരിക്കൂർ ബ്ലോക്ക്പഞ്ചായത്ത് പൈതൽ മലയിൽ ഒരേക്കർ ഭൂമിയിൽ നടപ്പിലാക്കാൻ പോകുന്ന ഡെസ്റ്റിനേഷൻ ടൂറിസം വികസന പദ്ധതിയുടെ ഡിപിആർ മന്ത്രി പ്രകാശനം ചെയ്തു. ഇരിക്കൂർ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. റോബർട്ട് ജോർജ് അധ്യക്ഷനായി. ഇരിക്കൂർ ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ. മനോജ് കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു.

60 സെന്റ് ഭൂമിയിൽ 92.80 മീറ്റർ സ്ക്വയർ വിസ്തീർണമുള്ള ഒരുനില കെട്ടിടത്തിന്റെ നിർമാണ ചെലവ് 26 ലക്ഷം രൂപയാണ്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി നിർമിച്ച കെട്ടിടം വനിതാ സംരംഭകർക്ക് വാടകയ്ക്ക് നൽകും.

ഇരിക്കൂർ ബ്ലോക്ക്പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഒ എസ് ലിസി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജോർജ്ജ് ജോസഫ്, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ പി രേഷ്മ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി കെ മുനീർ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബി രാജേശ്വരി, മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ പി രമണി, മലപ്പട്ടം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇ ചന്ദ്രൻ മാസ്റ്റർ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് വ്യവസായ വികസന ഓഫീസർ ടി വി ശ്രീകാന്ത്, രാഷ്ട്രീയ പ്രതിനിധികളായ എം സി രാഘവൻ, എം പി രാധാകൃഷ്ണൻ, പി പി ഉണ്ണിക്കൃഷ്ണൻ, എം പി സാജൻ തുടങ്ങിയവർ പങ്കെടുത്തു.

# പുതിയ ആയുർവേദ മാറ്റിന്റെ ലോഞ്ചിങ് മന്ത്രി പി രാജീവ് നിർവ്വഹിച്ചു

**കണ്ണൂർ:** ഇരിണാവ് വിവേഴ്സ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി ആഘോഷവും പുതുതായി പുറത്തിറക്കുന്ന ആയുർവേദ മാറ്റിന്റെ ലോഞ്ചിങ്ങും വ്യവസായ നിയമ വകുപ്പ് മന്ത്രി പി രാജീവ് നിർവഹിച്ചു. എം വിജിൻ എംഎൽഎ അധ്യക്ഷനായി. രാസവസ്തുക്കൾ ഒന്നും ഉപയോഗിക്കാതെ തികച്ചും പ്രകൃതിദത്തമായ ആയുർവേദ കൂട്ടുകൾ ഉപയോഗിച്ച് ചായം പൂശിയ നൂറ് ശതമാനം പരുത്തി നൂൽ ഉപയോഗിച്ചാണ് ആയുർ മാറ്റ് തയ്യാറാ ക്കിയിരിക്കുന്നത്. കസ്റ്റമൈസ് ചെയ്ത ഫാബ്രിക് പെയിന്റ് സാരിയും മറ്റ് റെഡിവെയർ വസ്ത്രങ്ങളും സംഘം നിർമ്മിക്കാൻ ആരംഭിച്ചിട്ടുണ്ട്. 10 തറികളിൽ പ്രവർത്തനം ആരംഭിച്ച സംഘം ഇന്ന് 150 ലേറെ തറികളുള്ള വ്യവസായ സംഘമാണ്. ജക്കാർഡ്, ഡോബി, ടർക്കി തുടങ്ങി പ്രത്യേകതകളുള്ള തറികൾ ഇരിണാവിൽ പ്രവർത്തിപ്പിച്ചുവരുന്നു. കേരളത്തിൽ കൈത്തറി സഹകരണ സംഘങ്ങളിൽ ഏറ്റവും ആദ്യം കയറ്റുമതി ലൈസൻസ് കരസ്ഥമാക്കിയ സൊസൈറ്റി 1995ൽ ഏറ്റവും നല്ല കൈത്തറി സഹകരണ സംഘത്തിനുള്ള കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ സ്വർണപ്പതക്കവും നേടി.




വീവേഴ്സ് അങ്കണത്തിൽ നടന്ന പരിപാടിയിൽ 75 വയസ്സ് പിന്നിട്ട മുൻകാല നെയ്ത്തുകാരെ ആദരിച്ചു. കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി ഷാജിർ, കല്യാശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് ടി.ടി ബാലകൃഷ്ണൻ, കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അംഗം കെ പ്രീത, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ.എസ് അജിമോൻ, തോട്ടട ഐ ഐ എച്ച് ടി എക്സിക്യൂട്ടീവ് ഡയറക്ടർ എൻ ശ്രീധന്യൻ, ജില്ലാ പഞ്ചായത്ത് അംഗം പി.പി ദിവ്യ, കൊല്ലോൻ മോഹനൻ, ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടറി റജിസ്ട്രാർ കെ ശ്രീജിത്ത്, കൈത്തറി മാനേജർ കെ സുരേഷ്, ജില്ലാ വ്യവസായ കേന്ദ്രം അസിസ്റ്റന്റ് രജിസ്ട്രാർ കെ.പി ഗിരീഷ് കുമാർ, ജില്ലാ വ്യവസായ കേന്ദ്രം യൂണിറ്റ് ഇൻസ്പെക്ടർ പി.പി ഗംഗാധരൻ, പഞ്ചായത്ത് അംഗം കെ സിജു, സംസ്ഥാന കൈത്തറി നൈത്ത് ഫെഡറേഷൻ ജനറൽ സെക്രട്ടറി താവം ബാലകൃഷ്ണൻ, പി മനോഹരൻ, എം ബാലകൃഷ്ണൻ, കെ വി സന്തോഷ് കുമാർ, സംഘാടക സമിതി ചെയർമാൻ പി ഗോവിന്ദൻ, ഇരിണാവ് വ്യൂവേഴ്സ് സൊസൈറ്റി സെക്രട്ടറി കെ അനിൽ കുമാർ എന്നിവർ സംസാരിച്ചു.

# കേരളത്തിൽ മൈക്രോ വ്യവസായങ്ങൾക്ക് വൻ സാധ്യത: മന്ത്രി പി രാജീവ്

**കണ്ണൂർ:** കേരളത്തിൽ മൈക്രോ വ്യവസായങ്ങൾക്ക് വൻ സാധ്യതയാണുള്ളതെന്നും പ്രായഭേദമന്യേ ആർക്കും സംരംഭകരാകാൻ കഴിയുന്ന അനുകൂല സാഹചര്യമാണ് സംസ്ഥാനത്തുള്ളതെന്നും വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് പുതുതായി വിപണിയിലിറക്കുന്ന ഗാബ റൈസ് പ്രൊഡക്ട് വിപണിയിൽ ഇറക്കുന്നതിന്റെയും ജില്ലാപഞ്ചായത്ത് കെട്ടിടത്തിലെ വിപുലീകരിച്ച കേരളാ ഗ്രോ വിപണന കേന്ദ്രത്തിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് കൃഷി വകുപ്പിനൊപ്പം മറ്റ് വകുപ്പുകളുടെയും ഏകോപനം സാധ്യമാകണം. സംസ്ഥാന സർക്കാർ കൃഷി വികസനത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കാർഷിക ഉൽപന്നങ്ങളെ മൂല്യവർധിത ഉൽപന്നങ്ങളാക്കി വിപണിയിലെത്തിച്ചാൽ മികച്ച വരുമാനം ലഭിക്കും. ഇത്തരത്തിലുള്ള നിരവധി സംരംഭകരെ സഹായിക്കാൻ സർക്കാരിന് സാധിക്കുന്നുണ്ട്. നബാർഡ് വഴിയും മറ്റ് ബാങ്കുകൾ വഴിയും സംരംഭകർക്ക് വായ്പകളും അനുവദിക്കുന്നുണ്ട്. മൈക്രോ വ്യവസായത്തിൽ കേരളത്തിന് മികച്ച മാതൃകകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ മന്ത്രിയിൽ നിന്നും ഉൽപന്നം ഏറ്റുവാങ്ങി. കണ്ണൂർ ജില്ലാപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ. കെ രത്നകുമാരി അധ്യക്ഷയായി. മുളപ്പിച്ച നെല്ല് നിരവധി ആരോഗ്യ ഗുണങ്ങളുള്ള ഗാമ അമിനോ ബ്യൂട്ടിറിക് ആസിഡ് അടങ്ങുന്ന അരിയാക്കി മാറ്റിയാണ് ഗാബ റൈസ് എന്ന പേരിൽ വിപണിയിലെത്തിച്ചിരിക്കുന്നത്. ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമാണിത്. കേരള കാർഷിക സർവകലാശാലയുടെയും കൃഷി വിജ്ഞാന കേന്ദ്രത്തിന്റെയും സഹകരണത്തോടെയാണ് മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി ഉൽപന്നം വികസിപ്പിച്ചത്. നബാർഡ് വഴി കമ്പനിക്ക് ധനസഹായവും ലഭിച്ചിട്ടുണ്ട്.

കണ്ണൂർ കോർപറേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സുരേഷ് ബാബു എളയാവൂർ, ഹാൻഡ് ലൂം വികസന കോർപറേഷൻ ചെയർമാൻ ടി.കെ ഗോവിന്ദൻ മാസ്റ്റർ, കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രം മേധാവി പി ജയരാജ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ഇൻചാർജ് പി രേണുക, ആത്മ പ്രൊജക്ട് ഡയറക്ടർ എ സുരേന്ദ്രൻ, കൃഷി മാർക്കറ്റിങ്ങ് ഡെപ്യൂട്ടി ഡയറക്ടർ സി.വി ജിതേഷ്, മയ്യിൽ കൃഷി ഓഫീസർ ജിതിൻ ഷാജു, ജില്ലാ റെസിഡന്റ് അസോസിയേഷൻ പ്രസിഡന്റ് അനിൽ, മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ കെ.കെ രാമചന്ദ്രൻ, എംആർപിസിഎൽ എംഡി കെ.കെ ഭാസ്കരൻ തുടങ്ങിയവർ പങ്കെടുത്തു.

## മിഷൻ 1000 പദ്ധതിയിൽ അഞ്ചു സംരംഭങ്ങളുടെ പദ്ധതി രേഖക്ക് അംഗീകാരം നൽകി

**മലപ്പുറം:** വ്യവസായ വകുപ്പിന്റെ സ്കെയിൽ അപ്പ് മിഷൻ 1000 പദ്ധതി പ്രകാരം സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകാരം നൽകിയ അഞ്ചു സംരംഭങ്ങളുടെ പദ്ധതി രേഖ (ഡി.പി.ആർ) പരിശോധിച്ച് ജില്ലാതല കമ്മിറ്റി അംഗീകാരം നൽകി.സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ പദ്ധതികൾക്ക് ഡി.പി.ആർ തയ്യാറാക്കി അംഗീകാരം ലഭ്യമായത് മലപ്പുറം ജില്ലയിലാണ്. ഇതോടെ ജില്ലയിൽ നിന്ന് ആകെ അംഗീകാരം ലഭ്യമായ 38 പദ്ധതികളിൽ 20 സംരംഭങ്ങൾക്ക് വിപുലീകരണ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം ലഭിച്ചു. മൂന്ന് വർഷത്തിലേറെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉൽപാദന സേവന മേഖലയിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിന് സാമ്പത്തികമായും സാങ്കേതികമായും സഹായങ്ങൾ ലഭ്യമാക്കി 100 കോടി വിറ്റ് വരവിലേക്ക് ഉയർത്തുന്നതാണ് മിഷൻ 1000 പദ്ധതി. പദ്ധതി പ്രകാരം സ്ഥിരാസ്തികൾക്ക് 40 % , പരമാവധി രണ്ടു കോടി വരെയും പ്രവർത്തന മൂലധന വായ്പയ്ക്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ വരെയും ധനസഹായം സംരംഭങ്ങൾക്ക് ജില്ലാ വ്യവസായ കേന്ദ്രം മുഖേന ലഭിക്കും. ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന മീറ്റിംഗിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ലീഡ് ബാങ്ക് മാനേജർ, കെ.എഫ്.സി മാനേജർ, കെ എസ് എസ് ഐ എ, സംരംഭക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## സ്പോർട്സ് സ്കൂൾ സെലക്ഷൻ ട്രയൽസ്

**ബത്തേരി:**പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന അയ്യൻകാളി മെമ്മോറിയൽ ഗവ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലേക്ക് സെലക്ഷൻ ട്രയൽസ് നടത്തുന്നു. 202526 അധ്യയന വർഷത്തിൽ അഞ്ചിലേക്കും പ്ലസ് വൺ ക്ലാസ്സിലേക്കും ഒഴിവുള്ള 6,7,8,9 ക്ലാസ്സുകളിലേക്കുമാണ് പ്രവേശനം. സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജ് ഗ്രൗണ്ടിൽ ജനുവരി 29 ന് രാവിലെ 9 ന് നടക്കുന്ന സെലക്ഷൻ ട്രയലിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ആൺ/പെൺകുട്ടികൾക്ക് പങ്കെടുക്കാം. വിദ്യാർത്ഥികൾ ഒരു പാസ്പോർട്ട്സൈസ് ഫോട്ടോ, ജാതി, ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ്, സ്കൂൾ മേധാവിയുടെ കത്ത് സ്പോർട്സ് മെറിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ (ലഭ്യമാണെങ്കിൽ ) സഹിതം കോളേജ് ഗ്രൗണ്ടിൽ രക്ഷിതാവിനൊപ്പം എത്തണം. സ്കിൽ ഫിസിക്കൽ ഫിറ്റ്നസ് ടെസ്റ്റ്, സ്പോർട്സ് മെറിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സെലക്ഷൻ നടത്തുക. ഫോൺ04712381601,9744786578, 04936203824.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സെർടസ് കാപിറ്റലിന് 1000 കോടിയുടെ നിക്ഷേപം

**മുംബൈ:** റിയൽ എസ്റ്റേറ്റ് സ്ഥാപനമായ സെർടസ് കാപിറ്റൽ ഹൈദരബാദിലെ വൻകിട റിയൽ എസ്റ്റേറ്റ് പദ്ധതിയിൽ 180 കോടി രൂപ നിക്ഷേപിച്ചു. ഇതോടെ 202425 സാമ്പത്തിക വർഷം 1000 കോടി രൂപയുടെ സുരക്ഷിത ക്രെഡിറ്റ് നിക്ഷേപം സെർടസ് പൂർത്തിയാക്കി. ഹൈടെക് സിറ്റിയിൽ നിന്ന് 15 മിനിട്ടു മാത്രം യാത്രാ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന പദ്ധതിയുടെ നിർമ്മാതാക്കൾ സൈബർ സിറ്റി ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് ആണ്.സെർടസ് കാപിറ്റൽ 202425 സാമ്പത്തിക വർഷം മുൻവർഷത്തെയപേക്ഷിച്ച് നിക്ഷേപം ഇരട്ടിയിലേറെയായി വർധിപ്പിച്ചിട്ടുണ്ടെന്ന് സെർടസ് സ്ഥാപകൻ അഷിഷ് ഖണ്ഡേലിയ പറഞ്ഞു. മൂലധന അടിത്തറ 1,000 ത്തിലധികം നിക്ഷേപകരായി വളർന്നു. കാലാവധി പൂർത്തിയാക്കിയ നിക്ഷേപകർക്ക് 15 ശതമാനത്തിലധികം ലാഭം നൽകുന്നുണ്ട്. 2022–23 വർഷങ്ങളിൽ നിക്ഷേപിച്ച മുഴുവൻ പേർക്കും 202425 സാമ്പത്തിക വർഷം അവസാനത്തോടെ ലാഭം കൈമാറി. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും വലിയ തോതിൽ നിക്ഷേപം നടത്തിയിട്ടുള്ള സെർടസിന്റെ പങ്കാളികളിൽ 75 ശതമാനവും വീണ്ടും നിക്ഷേപം നടത്താൻ താൽപര്യമെടുക്കുന്നവരാണ്. വൻകിട ധനകാര്യ സ്ഥാപനങ്ങൾ സെർടസുമായി പങ്കാളിത്തമുണ്ടാക്കിയിട്ടുണ്ട്. പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയുമായി ചേർന്ന് 78,000 ത്തിൽ പരം കോടി രൂപയുടെ ആസ്തിയാണ് സെർടസ് കൈകാര്യം ചെയ്യുന്നത്. 2024ൽ സെർടസ് പൂനയിൽ 130 കോടി രൂപയുടെ നിക്ഷേപം നടത്തിയപ്പോൾ 50 കോടിയുടെ പങ്കാളിത്തം ഒരു എൻബിഎഫ്സിയുടേതായിരുന്നു. ഇരുവരും ചേർന്ന് ഒരു ലക്ഷം കോടി രൂപയിലേറെ തുകയ്ക്കുള്ള ആസ്തി കൈകാര്യം ചെയ്യുന്നുണ്ട്. റിയൽ എസ്റ്റേറ്റ് വിപണിയിലെ വായ്പാ അവസരങ്ങൾ പ്രയോജനപ്പെടുത്തി വിവിധ പ്രദേശങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമാണ് ഹൈദരബാദിലെ പുതിയ നിക്ഷേപമെന്നും അഷിഷ് ഖണ്ഡേലിയ പറഞ്ഞു.

# ഇന്ത്യയിൽ പ്രവർത്തനം വ്യാപിപ്പിക്കാൻ ആപ്പിളിനു പിന്നാലെ ആൽഫബെറ്റും

**മുംബൈ:** ആപ്പിളിനു പിന്നാലെ ആൽഫബെറ്റ് ഇൻകോർപറേറ്റഡും ഇന്ത്യയിൽ നിർമാണ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഒരുങ്ങുന്നായി റിപ്പോർട്ടുകൾ.



ചൈനയെയും വിയറ്റ്നാമിനെയും അപേക്ഷിച്ച് യുഎസ് തീരുവ കുറവുള്ളതാണ് ഇന്ത്യയിലേക്ക് പ്രമുഖ കമ്പനികളെ ആകർഷിക്കുന്നത്. ആപ്പിൾ തങ്ങളുടെ ഐഫോൺ നിർമാണ പ്രവർത്തനങ്ങൾ ഇന്ത്യയിൽ വികസിപ്പിക്കാൻ പദ്ധതിയിടുന്നതായി റിപ്പോർട്ടുകൾ നേരത്തേ വന്നിരുന്നു. ഇന്ത്യയിൽ നിർമിക്കുന്നവ യുഎസിൻറെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ചൈനയിൽനിന്നുള്ളവ മറ്റു പ്രദേശങ്ങളിലേക്കുള്ള വിതരണത്തിനുമാകും.

ആൽഫബെറ്റ് ഇൻകോർപറേറ്റഡ് സമാനമായ ഒരു തന്ത്രം ആവിഷ്കരിക്കുന്നുണ്ടെന്നാണ് പുതിയ റിപ്പോർട്ട്. ഗൂഗിൾ പിക്സൽ സ്മാർട്ട്ഫോണുകളുടെ ആഗോള ഉത്പാദനത്തിൻറെ ഒരു ഭാഗം വിയറ്റ്നാമിൽനിന്ന് ഇന്ത്യയിലേക്ക് മാറ്റുന്നതിനായി ശ്രമം നടത്തുന്നുണ്ട്. പ്രത്യേകിച്ച് യുഎസിലേക്കുള്ള വിതരണങ്ങൾക്ക്. ഇതിനായി ഇന്ത്യൻ കരാർ നിർമാതാക്കളായ ഡിക്സൺ ടെക്നോളജീസ്, ഫോക്സ്കോൺ എന്നിവരുമായി ചർച്ചകൾ ആരംഭിച്ചിട്ടുണ്ടെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇത് സംബന്ധിച്ച ആദ്യ ഘട്ട ചർച്ചകൾ ഏകദേശം രണ്ടാഴ്ച മുന്പ് നടന്നതായും പറയുന്നു.

പിക്സലിൻറെ പ്രാഥമിക ഉത്പാദന കേന്ദ്രമായ വിയറ്റ്നാമിന് ഉയർന്ന താരിഫ് ഏർപ്പെടുത്തുമെന്ന് യുഎസ് ഭീഷണിപ്പെടുത്തിയതോടെ, ആൽഫബെറ്റിൻറെ ഡി റിസ്ക് സോഴ്സിംഗ് തന്ത്രത്തിൻറെ ഭാഗമാണ് ഈ മാറ്റം. എൻക്ലോസറുകൾ, ചാർജറുകൾ, ഫിംഗർപ്രിൻറ് സെൻസറുകൾ, ബാറ്ററികൾ തുടങ്ങിയ ചില ഘടകങ്ങൾ ഇന്ത്യയിൽ പ്രാദേശികമായി നിർമിക്കുന്നതിനുള്ള പദ്ധതികളും കന്പനി കരാർ നിർമാതാക്കളുമായി പങ്കിട്ടിട്ടുണ്ടെന്നാണ് വിവരങ്ങൾ. നിലവിൽ, മേഡ് ഇൻ ഇന്ത്യ പിക്സൽ ഫോണുകൾക്കുള്ള മിക്ക ഘടകങ്ങളും ഇറക്കുമതി ചെയ്യുന്നതാണ്.

ഡിക്സണും ഫോക്സ്കോണും ഇന്ത്യയിൽ പ്രതിമാസം 43,00045,000 പിക്സൽ സ്മാർട്ട്ഫോണുകൾ നിർമിക്കുന്നുണ്ട്. ഇവ പ്രാദേശിക വിപണിക്കു വേണ്ടി മാത്രമായിട്ടുള്ളതാണ്. സ്മാർട്ട്ഫോണുകൾക്ക് ഇന്ത്യ മൊത്തം 16.5% ഇറക്കുമതി തീരുവ ചുമത്തുന്നു. ഇന്ത്യയിൽ നിർമിക്കുന്ന പിക്സലുകളുടെ പുതിയ മോഡലുകൾ ഉൾപ്പെടെ ഏകദേശം 6570% ഡിക്സൺ ഉത്പാദിപ്പിക്കുന്നു.

അതേസമയം ഫോക്സ്കോൺ പഴയ മോഡലുകളിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കഴിഞ്ഞ ഓഗസ്റ്റിൽ ഇന്ത്യയിൽ ആദ്യമായി പിക്സൽ ഉത്പാദനം ആരംഭിച്ചത് ഫോക്സ്കോൺ ആണ്. തമിഴ്നാട് യൂണിറ്റിലാണ് നിർമാണം തുടങ്ങിയത്. തായ്വാനിലെ കോന്പൽ ഇലക്ട്രോണിക്സുമായി സഹകരിച്ച് ഡിക്സൺ ഡിസംബറിൽ നോയിഡ പ്ലാൻറിൽ പിക്സൽ ഉത്പാദനം ആരംഭിച്ചു. ഏറ്റവും പുതിയ മോഡലുകൾ പുറത്തിറങ്ങിയതിനുശേഷം യുഎസിൽ പിക്സലിൻറെ വിപണി വിഹിതം ഏകദേശം 14% ആയി ഉയർന്നു. 2023ലാണ് ചൈനയെ ആശ്രയിക്കുന്നതും അപകടസാധ്യത കുറയ്ക്കുന്നതും ലക്ഷ്യമിട്ട് ഗൂഗിൾ കരാർ നിർമാതാക്കളായ ഫോക്സ്കോൺ, കോമ്പാൽ എന്നിവയിലൂടെ വിയറ്റ്നാമിൽ പിക്സൽ ഉത്പാദനം ആരംഭിച്ചത്. പിക്സലിൻറെ പ്രീമിയം മോഡലുകളിൽ പകുതിയോളം കഴിഞ്ഞ വർഷം വിയറ്റ്നാമിലാണ് നിർമിച്ചത്.

കമ്പനികൾ ചൈനയ്ക്ക് പുറത്ത് അവരുടെ ഉത്പാദനം വ്യാപിപ്പിക്കുന്ന ചൈന പ്ലസ് വൺ തന്ത്രത്തിൻറെ പ്രധാന ഗുണഭോക്താക്കളായി വിയറ്റ്നാമും ഇന്ത്യയും ഉയർന്നുവന്നിട്ടുണ്ട്. കുറഞ്ഞ തൊഴിൽ ചെലവും അനുകൂലമായ ബിസിനസ് അന്തരീക്ഷവും പോലുള്ള നേട്ടങ്ങൾ രണ്ടും രണ്ടു രാജ്യവും വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ ഇന്ത്യയെ അപേക്ഷിച്ച് നിക്ഷേപങ്ങളെ ആകർഷിക്കുന്നതിലും വിതരണ ശൃംഖലകളെ വൈവിധ്യവത്കരിക്കുന്നതിലും വിയറ്റ്നാം കൂടുതൽ വിജയിച്ചു.

ചൈന പ്ലസ് വൺ തന്ത്രം മുതലാക്കുന്നതിൽ ഇന്ത്യ ഇതുവരെ പരിമിതമായ വിജയം മാത്രമേ നേടിയിട്ടുള്ളൂ. അതേസമയം വിയറ്റ്നാം, തായ്ലൻഡ്, കംബോഡിയ, മലേഷ്യ എന്നിവ വലിയ ഗുണഭോക്താക്കളായി മാറിയിട്ടുണ്ടെന്ന് നീതി ആയോഗ് ഏതാനും മാസങ്ങൾക്ക് മുമ്പ് പുറത്തിറക്കിയ ഒരു റിപ്പോർട്ട് പറയുന്നു. കുറഞ്ഞ കൂലി, ലളിതമാക്കിയ നികുതി നിയമങ്ങൾ, കുറഞ്ഞ തീരുവകൾ, ആരുടെയും പ്രേരണ കൂടാതെ സ്വതന്ത്ര വ്യാപാര കരാറുകളിൽ ഒപ്പുവയ്ക്കുന്നതും ഈ രാജ്യങ്ങളുടെ കയറ്റുമതി കൂട്ടാൻ സഹായിച്ചു. 20 ശതമാനം കോർപറേറ്റ് നികുതി നിരക്കും കയറ്റുമതി അധിഷ്ഠിത സാന്പത്തിക വളർച്ചാ മാതൃകയുമാണ് 'ചൈന പ്ലസ് വൺ' തന്ത്രത്തിൻറെ പ്രധാന ഗുണഭോക്താക്കളിൽ ഒന്നായി വിയറ്റ്നാമിനെ ഉയർത്തിയത്. ഇന്ത്യയിൽ വിദേശ കമ്പനികൾക്കുള്ള കോർപറേറ്റ് നികുതി നിരക്ക് 35 ശതമാനമാണ്. 2024 കേന്ദ്ര ബജറ്റിലാണ് നിക്ഷേപം കൂടുതൽ ആകർഷിക്കാൻ കോർപറേറ്റ് നികുതി നിരക്ക് 40 ശതമാനത്തിൽനിന്ന് കുറച്ചത്.

# ശോഭ ഡെവലപ്പേഴ്സിന് സിഐഡിസി വിശ്വകർമ്മ പുരസ്കാരം

**കൊച്ചി:** ശോഭ ഡെവലപ്പേഴ്സിന് കൺസ്ട്രക്ഷൻ ഇൻഡസ്ട്രി ഡെവലപ്മെന്റ് കൗൺസിലിന്റെ(സിഐഡിസി) 16മത് വിശ്വകർമ്മ പുരസ്കാരം ലഭിച്ചു.നിർമ്മാണ, അടിസ്ഥാന സൗകര്യമേഖലകളിലെ മികച്ച പ്രവർത്തനങ്ങൾക്ക് നൽകുന്നതാണ് അവാർഡ്. പരിസ്ഥിതി, ആരോഗ്യം,സുരക്ഷ എന്നീ മേഖലകളിൽ ശോഭ ഗ്രൂപ്പിന്റെ ഉത്തരവാദിത്തവും ഫലപ്രദവുമായ ഇടപെടലുകളാണ് പുരസ്കാരത്തിന് അർഹമാക്കിയത്. ഡൽഹി ജൻപതിലെ ഡോ. അംബേദ്കർ ഇന്റർനാഷണൽ സെന്ററിൽ നടന്ന ചടങ്ങിൽ ഡൽഹി ഗതാഗത മന്ത്രി ഹർഷ് മൽഹോത്ര, സ്പീക്കർ വിജേന്ദർ ഗുപ്ത എന്നിവർ ചേർന്ന് പുരസ്കാരം വിതരണം ചെയ്തു. ശോഭ സേഫ്റ്റി വിഭാഗം ജനറൽ മാനേജർ ജി.എൻ ചന്ദ്രശേഖർ,അസി.ജി.എം വിജയകുമാർ തങ്കരാജ് എന്നിവർ അവാർഡ് ഏറ്റുവാങ്ങി.

# ഭീം യുപിഐ സർക്കിൾ അവതരിപ്പിച്ചു

**കൊച്ചി**: നാഷണൽ പെയ്മെന്റ്സ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ (എൻപിസിഐ) സമ്പൂർണ സബ്സിഡിയറിയായ എൻപിസിഐ ഭീം സർവ്വീസസ് ലിമിറ്റഡ് (എൻബിഎസ്എൽ) ഭീം പെയ്മെൻറ് ആപ്പുകളിൽ ഭാഗിക ഡെലിഗേഷൻ സംവിധാനവുമായുള്ള യുപിഐ സർക്കിൾ അവതരിപ്പിച്ചു. വിശ്വാസമുള്ള അക്കൗണ്ടുകളിൽ യുപിഐ ഇടപാടുകൾ നടത്താൻ അനുമതി നൽകുന്നതിനുള്ള സൗകര്യമാണ് ഇതിലൂടെ ഉപയോക്താക്കൾക്ക് ലഭിക്കുന്നത്. സമ്പൂർണ സുതാര്യതയും നിർണയിച്ചിരിക്കുന്ന രീതിയിലെ നിയന്ത്രണങ്ങളും അടക്കമാണിതു ലഭ്യമാക്കുക.

യുപിഐ അക്കൗണ്ട് ഉടമയായ പ്രാഥമിക ഉപയോക്താവിന് തങ്ങളുടെ അക്കൗണ്ടിൽ നിന്നു പേയ്മെൻറ് നടത്താൻ സാധിക്കുന്ന വിധത്തിൽ അഞ്ച് സെക്കണ്ടറി ഉപയോക്താക്കളെ വരെ അംഗീകരിക്കുവാൻ യുപിഐ സർക്കിൾ വഴിയൊരുക്കും. സെക്കണ്ടറി ഉപയോക്താക്കളുടെ ഓരോ ഇടപാടുകൾക്കും പുതിയ ഭീം ആപ്പിന്റെ പിൻ വഴി അംഗീകാരം നൽകണം. സെക്കൻഡറി ഉപയോക്താക്കൾ നടത്തുന്ന എല്ലാ ഇടപാടുകളും പ്രാഥമിക ഉപയോക്താവിന് പുതിയ ഭീം ആപ്പിൽ തൽക്ഷണം വീക്ഷിക്കാനാവും എന്നത് സുതാര്യതയും ലഭ്യമാക്കും.

യുപിഐയുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്കും മറ്റുള്ളവരിൽ നിന്ന് പേയ്മെൻറ് അഭ്യർത്ഥിക്കാനാവുന്നതിലൂടെ യുപിഐ സർക്കിൾ എല്ലാവരേയും ഔപചാരിക സാമ്പത്തിക സേവനങ്ങളിലേക്ക് എത്തിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുക കൂടിയാണ് ചെയ്യുന്നത്.

# പഹൽഗാം ഭീകരാക്രമണം: സൗജന്യ റീഷെഡ്യൂളിംഗും റീഫണ്ടുമൊരുക്കി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** ജമ്മു കശ്മീരിലെ പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തെ തുടർന്ന് ഏപ്രിൽ 30 വരെ ശ്രീനഗറിലേക്കും തിരിച്ചും ടിക്കറ്റുകൾ ബുക്ക് ചെയ്തവർക്ക് സൗജന്യ റീഷെഡ്യൂളിംഗിനും ക്യാൻസൽ ചെയ്യുന്ന ടിക്കറ്റുകൾക്ക് മുഴുവൻ തുകയും റീഫണ്ടായി ലഭിക്കുന്നതിനും അവസരമൊരുക്കി എയർ ഇന്ത്യ എക്സ്പ്രസ്. യാത്രക്കാർക്ക് #SrinagarSupport എന്ന് ഹാഷ്ടാഗ് ടൈപ്പ് ചെയ്ത് എ.ഐ. അധിഷ്ഠിത ചാറ്റ് ബോട്ടായ ടിയ വഴിയോ 080 4666 2222/ 080 6766 2222 എന്ന നമ്പറിൽ വിളിച്ചോ ബുക്കിംഗുകൾ അനായാസം ക്രമീകരിക്കാം.നിലവിൽ എയർ ഇന്ത്യ എക്സ്പ്രസിന് ശ്രീനഗറിൽ നിന്നും ബെംഗളൂരു, ഡൽഹി, ഹൈദരാബാദ്, ജമ്മു, കൊൽക്കത്ത എന്നിവിടങ്ങളിലേക്ക് ആഴ്ച തോറും നേരിട്ടുള്ള 80 വിമാന സർവ്വീസുകളാണുള്ളത്. ശ്രീനഗറിൽ നിന്നും കൊച്ചി, തിരുവനന്തപുരം, അഗർത്തല, അയോധ്യ, ചെന്നൈ, ഗോവ, മുംബൈ, പട്ന, വാരാണസി തുടങ്ങി 26 സ്ഥലങ്ങളിലേക്ക് വൺ സ്റ്റോപ്പ് സർവീസുകളുമുണ്ട്.പഹൽഗാമിലുണ്ടായ ഈ ദുഃഖകരമായ സാഹചര്യത്തിൽ തങ്ങളുടെ അതിഥികൾക്ക് പൂർണ്ണ പിന്തുണ നൽകുന്നതായും എയർ ഇന്ത്യ എക്സ്പ്രസ് അറിയിച്ചു.

# ആഡംബര സ്പോർട്സ് കാർ രംഗത്തേക്ക് ചുവടുവച്ച് ബിവൈഡി

**ഷാങ്ഹായ്:** ചൈനയിലെ ഏറ്റവും വലിയ ഓട്ടോമൊബൈൽ ഷോയായ ഓട്ടോ ഷാങ്ഹായിൽ പ്രീമിയം ഡെൻസ ഇസഡ് മോഡൽ അവതരിപ്പിച്ച് ചൈനീസ് ഇലക്ട്രിക് വാഹന ഭീമനായ ബിവൈഡി. ഡെൻസ ഇസഡിലൂടെ ആഡംബര സ്പോർട്സ് കാർ വിപണിയിലേക്കുകൂടി ചുവടുവയ്പ് നടത്തിയിരിക്കുകയാണ് ബിവൈഡി. നിലവിൽ വൈദ്യുത വാഹന രംഗത്ത് ഇലോൺ മസ്കിൻറെ ടെസ്ലയെ വരെ പിന്നോട്ടടിച്ചു കുതിക്കുകയാണ് ബിവൈഡി.ആഡംബര സ്പോർട്സ് കാർ വിഭാഗത്തിൽ പോർഷെ, മെഴ്സിഡസ് ബെൻസ് തുടങ്ങിയ കന്പനികളുടെ വാഹനങ്ങളുമായായിരിക്കും ഡെൻസ ഇസഡിന് ഏറ്റുമുട്ടേണ്ടി വരിക. വാഹനത്തിൻറെ കൂടുതൽ വിവരങ്ങൾ കന്പനി പുറത്തുവിട്ടിട്ടില്ലെങ്കിലും ഏകദേശം 35 ലക്ഷം ഇന്ത്യൻ രൂപയാണ് ഡെൻസ ഇസഡിന് പ്രതീക്ഷിക്കുന്നത്.

## എച്ച്.ഡി.എഫ്.സി. ബാങ്ക് പരിവർത്തൻ 298 അതിർത്തി ഗ്രാമങ്ങളിൽ സേവനമെത്തിക്കുന്നു

**കൊച്ചി :** എച്ച്.ഡി.എഫ്.സി. ബാങ്ക്, സിഎസ്.ആർ. വിഭാഗമായ പരിവർത്തന് കീഴിൽ, ഗ്രാമവികസന സംരംഭങ്ങളുടെ കീഴിൽ രാജ്യത്തുടനീളമുള്ള 298 അതിർത്തി ഗ്രാമങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ഗ്രാമങ്ങളുടെ കൂട്ടങ്ങൾ അസം, അരുണാചൽ പ്രദേശ്, ബീഹാർ, ഗുജറാത്ത്, ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, ലഡാക്ക്, രാജസ്ഥാൻ, സിക്കിം, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളുടെ അതിർത്തി പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. വരും വർഷങ്ങളിൽ 150 അതിർത്തി ഗ്രാമങ്ങളിലേക്ക് കൂടി ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ബാങ്ക് പദ്ധതിയിടുന്നുവെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി. കേന്ദ്രത്തിന്റെ ബോർഡർ ഏരിയ ഡെവലപ്മെന്റ് പ്രോഗ്രാമിലും വൈബ്രന്റ് വില്ലേജസ് പ്രോഗ്രാമിലും വിവരിച്ചിരിക്കുന്ന ദേശീയ വികസന ലക്ഷ്യങ്ങളുമായി ഈ സംരംഭങ്ങൾ യോജിക്കുന്നു



## വർമ്മ ശ്രീകാര്യം; സാംപിൾ അപ്പാർട്ട്മെന്റ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** വർമ്മ ഹോംസിന്റെ തിരുവനന്തപുരം ശ്രീകാര്യത്തുള്ള വർമ്മ ശ്രീകാര്യത്തിന്റെ സാംപിൾ അപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം വർമ്മ ഹോംസ് വൈസ് പ്രസിഡന്റ് വൈശാഖ് വർമ്മ നിർവഹിച്ചു. വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ, മാർക്കറ്റിംഗ് ആന്റ് കസ്റ്റമർ കെയർ ജനറൽ മാനേജർ സുരേഷ് ടി എസ്, ഫിനാൻസ് ആന്റ് എച്ച് ആർ സീനിയർ മാനേജർ ജിതേഷ് കെ എസ്, പ്രൊജക്ട്സ് ജനറൽ മാനേജർ ബിന്ദു നൈനാൻ, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, കസ്റ്റമർ കെയർ മാനേജർ ലക്ഷ്മി ജെ തുടങ്ങിയവർ പങ്കെടുത്തു.

## ഓപ്പോ കെ13 5ജി പുറത്തിറക്കി



**കൊച്ചി:** ഓപ്പോ കെ13 5ജി ഇന്ത്യയിൽ പുറത്തിറക്കി. സ്നാപ് ഡ്രാഗൺ 6 ജെൻ 4 മൊബൈൽ പ്ലാറ്റ്ഫോം നൽകുന്ന ഈ ഉപകരണത്തിൽ 80ഡ്യ്യു സൂപ്പർ വൂക് ഫാസ്റ്റ് ചാർജറുള്ള 7000എംഎച്ച് ഗ്രാഫൈറ്റ് ബാറ്ററി, സെഗ്മെന്റ് ലീഡിംഗ് വസി കൂളിംഗ്, ഇന്റലിജന്റ് നെറ്റ്വർക്ക് ഒപ്റ്റിമൈസേഷൻ എന്നിവ ഉൾപ്പെടുന്നു സുഗമമായ മൾട്ടിടാസ്കിംഗ്, ഇമ്മേഴ്സീവ് ഗെയിമിംഗ്, ദീർഘകാല ബാറ്ററി ലൈഫ്, വിശ്വസനീയമായ കണക്റ്റിവിറ്റി എന്നിവ വാഗ്ദാനം ചെയ്യുന്നു. ഓപ്പോ കെ13 5ജി യുടെ വില 17,999 രൂപ മുതൽ ആരംഭിക്കുന്നു.

## അക്ഷയ തൃതീയ: പ്രത്യേക ഓഫറുകളുമായി ജോയ്ആലുക്കാസ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ്, അക്ഷയ തൃതീയോടനുബന്ധിച്ച് പ്രത്യേക ഓഫറുകൾ അവതരിപ്പിച്ചു. ഓഫറുകളുടെ ഭാഗമായി 75,000 രൂപയോ അതിനു മുകളിലോ വില വരുന്ന ഡയമണ്ട്, അൺകട്ട് ഡയമണ്ട്, പ്ലാറ്റിനം ആഭരണങ്ങൾ വാങ്ങുന്നവർക്ക് 500 മില്ലിഗ്രാം 24 ക്യാരറ്റ് സ്വർണ്ണബാർ സൗജന്യമായി ലഭിക്കും. 1,50,000 രൂപയുടെ ഡയമണ്ട്, അൺകട്ട് ഡയമണ്ട്, പ്ലാറ്റിനം ആഭരണങ്ങൾ പർച്ചേസ് ചെയ്യുന്നവർക്ക് 1 ഗ്രാം 24 ക്യാരറ്റ് സ്വർണ്ണബാറോ ലക്ഷ്മീ പ്രതിമയോ സൗജന്യമായി ലഭിക്കും. ഏപ്രിൽ 19 മുതൽ മെയ് 1 വരെയാണ് ഓഫറുകളുടെ കാലാവധി.

ഏപ്രിൽ 30ന് ജോയ്ആലുക്കാസ് ഷോറൂമിൽ നിന്ന് 75,000 രൂപയ്ക്കോ അതിനു മുകളിലോ സ്വർണാഭരണങ്ങൾ വാങ്ങുന്നവർക്ക് 200 മില്ലിഗ്രാം 22ക്യാരറ്റ് സ്വർണ നാണയവും, 10,000 രൂപയുടെ വെള്ളി ആഭരണങ്ങളുടെ പർച്ചേസുകൾക്ക് 5 ഗ്രാം വെള്ളി നാണയവും സൗജന്യമായി ലഭിക്കും. 10% അഡ്വാൻസ് പ്രീബുക്ക് ഓഫറിലൂടെ ഇപ്പോഴത്തെ സ്വർണ്ണ നിരക്ക് ലോക്ക് ചെയ്യാനും, ലോക്ക് ചെയ്ത ദിവസത്തെ നിരക്കിൽ ഉപഭോക്താക്കൾക്ക് സ്വർണാഭരണങ്ങൾ പർച്ചേസ് ചെയ്യാനും സാധിക്കുമെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും എംഡിയുമായ ജോയ് ആലുക്കാസ് പറഞ്ഞു.

# സ്ത്രീകൾക്ക് ഐ ഐ കരിയർ പദ്ധതി: മൈക്രോസോഫ്റ്റുമായി കേന്ദ്രസർക്കാർ ധാരണാപത്രം ഒപ്പുവെച്ചു

**ന്യൂഡൽഹി:** നിർമ്മിത ബുദ്ധിയിൽ കരിയർ കണ്ടെത്തുന്നതിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ താൽപ്പര്യമുള്ള വനിതകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയവും മൈക്രോസോഫ്റ്റും ധാരണാപത്രത്തിൽ ഒപ്പുവച്ചു. വ്യവസായ മേഖലകൾക്ക് അനുയോജ്യമായ നിർമ്മിത ബുദ്ധി നൈപുണ്യശേഷി നൽകി വനിതകളെ പ്രാപ്തമാക്കുന്നതിലൂടെ വളർന്നുവരുന്ന സാങ്കേതിക വിദ്യാ മേഖലകളിൽ ലിംഗഭേദം ഇല്ലാതാക്കുന്നതിനും ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ വനിതകളുടെ അർത്ഥവത്തായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും രാജ്യത്തിന്റെ നൂതനാശയ അധിഷ്ഠിത വളർച്ചയിൽ സജീവമായി സംഭാവന നൽകുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമാണ് ഇത് ലക്ഷ്യമിടുന്നതെന്ന് അധികൃതർ വ്യക്തമാക്കി.സഹകരണത്തിന്റെ ഭാഗമായി, വ്യവസായ മാനദണ്ഡങ്ങൾക്കനുസൃതമായി വനിതകൾക്കായുള്ള എഐ നൈപുണ്യ, നൂതനാശയ ചട്ടക്കൂടിന് കീഴിൽ മൈക്രോസോഫ്റ്റ്, നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗുമായി കൂടിയാലോചിച്ച് 240 മണിക്കൂർ ദൈർഘ്യമുള്ള പരിശീലന പാഠ്യപദ്ധതി വികസിപ്പിച്ചെടുക്കും. സംസ്ഥാന ഗവൺമെന്റുകളുടെ ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി സഹകരിച്ച് ഹബ് ആൻഡ് സ്പോക്ക് മാതൃകയിലാണ് പരിശീലനം നൽകുക. ആറ് സംസ്ഥാനങ്ങളിലെ രണ്ടാംനിര,മൂന്നാംനിര പട്ടണങ്ങളിൽ ഹബ്ബ് രൂപത്തിൽ 30 മികവ് കേന്ദ്രങ്ങളുടെയും സ്പോക്ക് മാതൃകയിൽ 150 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ശൃംഖല സൃഷ്ടിക്കും.

സമഗ്രവും ഭാവി സജ്ജവുമായ ഒരു തൊഴിൽ ശക്തിയെ ഗവൺമെന്റിനും വ്യവസായത്തിനും ഒരുമിച്ച്ചേർന്ന് എങ്ങനെ രൂപപ്പെടുത്താമെന്ന് ഈ സംരംഭം ഉദാഹരണമായി കാണിക്കുന്നുവെന്ന് നൈപുണ്യ വികസന ആന്റ് സംരംഭകത്വ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് സഹമന്ത്രി ജയന്ത് ചൗധരി പറഞ്ഞു. 'എഐ പോലുള്ള വളർന്നുവരുന്ന സാങ്കേതിക മേഖലകളിൽ സ്ത്രീകൾക്ക് അവസരങ്ങൾ വികസിപ്പിക്കുന്നതിനുള്ള മന്ത്രാലയത്തിന്റെ പ്രതിജ്ഞാബദ്ധതയെ മൈക്രോസോഫ്റ്റുമായുള്ള പങ്കാളിത്തം എടുത്തു കാട്ടുന്നു. സർവ്വകലാശാലകളുടെ ക്രെഡിറ്റ്ബന്ധിത പാഠ്യപദ്ധതിയിൽ ഈ പരിപാടി ഉൾപ്പെടുത്തി ദേശീയ വിദ്യാഭ്യാസ നയവുമായി യോജിപ്പിച്ചുകൊണ്ട്, 21ാം നൂറ്റാണ്ടിലെ പഠനത്തെ പുനർവിചിന്തനം ചെയ്യുന്നു. ഇത് പാഠ്യപദ്ധതിയെ താൽപര്യ അനുസൃതവും , ഇന്റർ ഡിസിപ്ലിനറിയും, വ്യവസായ ആവശ്യങ്ങൾക്കായി അനുയോജ്യവും ആക്കി മാറ്റുന്നു. യുവതികളെ വ്യവസായങ്ങൾക്ക് ആവശ്യമായ ഡിജിറ്റൽ നൈപുണ്യം നൽകി ശാക്തീകരിക്കുന്നത് വ്യക്തിഗത തൊഴിൽ മേഖലയിൽ പരിവർത്തനം സൃഷ്ടിക്കുക മാത്രമല്ല, കൂടുതൽ നീതിയുക്തവും നൂതനാശയത്താൽ നയിക്കപ്പെടുന്നതുമായ ഒരു സമ്പദ്വ്യവസ്ഥയിലേക്കുള്ള രാജ്യത്തിന്റെ യാത്രയെ ത്വരിതപ്പെടുത്തുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.അക്കാദമിക് സ്ഥാപനങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, കോർപ്പറേറ്റ് സംഘടനകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്നുകൊണ്ട് പങ്കാളികളിൽ ഒരാളായി, എഡ്യൂനെറ്റ് ഫൗണ്ടേഷൻ ഈ പദ്ധതി നടപ്പിലാക്കും. വ്യവസായങ്ങൾക്ക് അനുയോജ്യമായ നിർമ്മിത ബുദ്ധി കഴിവുകളും സാമ്പത്തിക അവസരങ്ങളും വനിതകൾക്ക് പ്രാപ്തമാക്കുന്നതിനും അതുവഴി അവരുടെ തൊഴിൽ ശക്തി പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഒരു സഖ്യം ഇതിലൂടെ സൃഷ്ടിക്കും .

ഇന്ത്യയിലെ യുവതികളെ അകയിൽ കരിയർ കെട്ടിപ്പടുക്കാൻ പ്രാപ്തരാക്കുന്ന, നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയവുമായുള്ള മൈക്രോസോഫ്റ്റിന്റെ പങ്കാളിത്തത്തിൽ അതിയായ സന്തോഷമുണ്ടെന്ന് മൈക്രോസോഫ്റ്റിന്റെ ഇന്ത്യയിലെ ഗ്ലോബൽ ഡെലിവറി സെന്റർ ലീഡർ അപർണ ഗുപ്ത പറഞ്ഞു.സമഗ്രമായ സാമ്പത്തിക വളർച്ചയ്ക്ക് നൈപുണ്യ ശേഷിയിൽ തുല്യമായ പ്രവേശനം നിർണായകമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്നും അപർണ ഗുപ്ത പറഞ്ഞു.ഡിജിറ്റൽ സമ്പദ്വ്യവസ്ഥയിൽ വനിതാ തൊഴിൽ ശക്തി പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. ഭാവി സജ്ജമായ നൈപുണ്യ ശേഷിയിലേക്ക് തുല്യമായ പ്രവേശനം സൃഷ്ടിക്കുക എന്ന ഗവൺമെന്റിന്റെ ദൗത്യവുമായി ഇത് യോജിക്കുന്നു. സ്ത്രീകൾക്കായി ഡിജിറ്റൽ കരിയർ പാതകൾ വികസിപ്പിക്കുന്നതിനും സാങ്കേതിക തൊഴിൽ ശക്തിയിൽ കൂടുതൽ വനിതാ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആണ് ഈ പരിപാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

# പുതിയ പ്ലാനും ഡാറ്റ ലിമിറ്റ് വർധനയും; കെഫോൺ പുതിയ താരിഫ് നിലവിൽ

**തിരുവനന്തപുരം:** കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ് കണക്ഷനായ കെഫോണിൽ പുതിയ താരിഫ് പ്ലാനുകൾ നിലവിൽ വന്നു. നേരത്തേയുള്ള പ്ലാനുകൾക്ക് പുറമേ പുതുതായി ഒരു പ്ലാൻ കൂടി പുതിയ താരിഫിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഴയ പ്ലാനുകൾ നിരക്കുവർധനയില്ലാതെ നിലനിർത്തുകയും രണ്ടു പ്ലാനുകളിൽ ഡാറ്റാ ലിമിറ്റ് വർധിപ്പിക്കുകയും ചെയ്തു.349 രൂപയുടെ ബേസിക് പ്ലസ് പാക്കേജാണ് പുതുതായി കെഫോൺ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രകാരം 30 എംബിപിഎസ് വേഗതയിൽ ഒരു മാസത്തേക്ക് 3000 ജിബി ഡാറ്റ ഉപഭോക്താക്കൾക്ക് ആസ്വദിക്കാനാകും. നേരത്തേ നിലവിലുണ്ടായിരുന്ന 399 രൂപയുടെ കെഫോൺ ഫ്ളക്സ് പാക്കേജിൽ 3000 ജിബി ഡാറ്റ ലിമിറ്റുണ്ടായിരുന്നത് 3500 ജിബിയായി ഉയർത്തിയിട്ടുണ്ട്. 40 എംബിപിഎസ് വേഗതയാണ് ഈ പാക്കേജിൽ ലഭ്യമാകുക. 599 രൂപയുടെ കെഫോൺ ടർബോ പാക്കേജിൽ 3500 ജിബി ഡാറ്റ ലിമിറ്റ് ഉണ്ടായിരുന്നത് 4000 ജിബിയായി ഉയർത്തിയിട്ടുണ്ട്. 100 എംബിപിഎസ് വേഗത ഈ പാക്കേജിൽ ആസ്വദിക്കാനാകും. മറ്റ് പാക്കേജുകൾ മാറ്റമില്ലാതെ തുടരും.299 രൂപയുടെ കെഫോൺ ബേസിക് പാക്കേജിൽ 20 എംബിപിഎസ് വേഗതയിൽ 1000 ജിബി വരെ ഇന്റർനെറ്റ് ആസ്വദിക്കാം. 449 രൂപയുടെ കെഫോൺ പ്ലസ് പാക്കേജിൽ 50 എംബിപിഎസ് വേഗതയിൽ 3500 ജിബി ഇന്റർനെറ്റ് ലഭിക്കും. 499 രൂപയുടെ കെഫോൺ മാസ് പാക്കേജിൽ 75 എംബിപിഎസ് വേഗതയിൽ 3500 ജിബി ഇന്റർനെറ്റ് ലഭ്യമാകും. 799 രൂപയുടെ കെഫോൺ ടർബോ സൂപ്പർ പാക്കേജിൽ 150 എംബിപിഎസ് വേഗതയിൽ 4000 ജിബി ഇന്റർനെറ്റ് ലഭിക്കും. 999 രൂപയുടെ കെഫോൺ സെനിത് പാക്കേജിൽ 200 എംബിപിഎസ് വേഗതയിൽ 4000 ജിബി ഇന്റർനെറ്റ് ലഭ്യമാകും. 1499 രൂപയുടെ കെഫോൺ സെനിത് സൂപ്പർ പാക്കേജിൽ 300 എംബിപിഎസ് വേഗതയിൽ 5000 ജിബി ഇന്റർനെറ്റാണ് ലഭിക്കുക.പുതിയ ഉപഭോക്താക്കൾക്ക് ആദ്യ ടേം റീച്ചാർജിനൊപ്പം അഡീഷണൽ വാലിഡിറ്റി കൂടാതെ ബോണസ് വാലിഡിറ്റി കൂടി ലഭിക്കുന്ന വെൽക്കം ഓഫറും കെഫോണിൽ നിലവിലുണ്ട്. പുതിയ കണക്ഷനുകൾ ലഭിക്കുന്നതിനായി https://self-care.kfon.co.in/dm.php എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്തോ 18005704466 എന്ന നമ്പരിൽ ബന്ധപ്പെട്ടോ enteK-fon ആപ്പ് വഴിയോ അപേക്ഷിക്കാവുന്നതാണ്.

## പോൾസ് ക്രീമറി, ഹെറിറ്റേജ് ലൂംസ് തൃശൂർ ഔട്ട്ലെറ്റുകൾ തുറന്നു

**തൃശൂർ:** പോൾസ് ക്രീമറി, ഹെറിറ്റേജ് ലൂംസ് തൃശൂർ ഔട്ട്ലെറ്റുകളുടെ ഉദ്ഘാടനം നടി പ്രയാഗ മാർട്ടിൻ നിർവഹിച്ചു. കുട്ടനെല്ലൂർ റോഡിൽ ചേലക്കോട്ടുകര മാർ അപ്രേം പള്ളിക്കു സമീപം എംകെഎസ് ആർക്കേഡിലാണ് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നത്.

രുചിവൈവിധ്യവുമായി മികച്ച ഐസ്ക്രീം ഫ്ളേവറുകൾ മലയാളിക്കു പരിചയപ്പെടുത്തിയ സ്ഥാപനമാണ് കൊച്ചി ആസ്ഥാനമായുള്ള പോൾസ് ക്രീമറി. നാലാമത്തെ ഔട്ട്ലെറ്റാണ് തൃശൂരിലേത്. ഇറ്റാലിയൻ ടെക്നോളജി ഉപയോഗിച്ചു നിർമിക്കുന്ന ജലാറ്റോ അടക്കം വിവിധ തരം ഐസ്ക്രീമുകൾ, പേസ്ട്രീസ്, സൺഡേസ്, ഷെയ്ക്സ്, വാഫിൾസ് തുടങ്ങി അമ്പതിൽപ്പരം ഉത്പന്നങ്ങൾ ഇവിടെ ലഭ്യമാകും.

ചുരുങ്ങിയ കാലംകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രീമിയം വസ്ത്രവിപണിയിൽ മുൻനിരയിലെത്തിയ ഹെറിറ്റേജ് ലൂംസിൻറെ രണ്ടാമത്തെ ഷോറൂമാണ് തൃശൂരിൽ തുറന്നത്.

# ബിസിനസ്സ് കോൺക്ലേവുമായി ഇൻഡോ ട്രാൻസ് വേൾഡ് ചേമ്പർ ഓഫ് കോമേഴ്സ്

**കൊച്ചി :** ബിസ്സിനസ്സ് സംരംഭകരുടെ ആഗോള കൂട്ടായ്മയായ ഇൻഡോ ട്രാൻസ് വേൾഡ് ചേമ്പർ ഓഫ് കോമേഴ്സിന്റെ (ഐടിസിസി) ആഭിമുഖ്യത്തിൽ ബിസിനസ്സ് കോൺക്ലേവ് സംഘടിപ്പിക്കുന്നു. മെയ് 5ന് കോഴിക്കോട് ട്രേഡ് സെന്ററിലാണ് ഏകദിന കോൺക്ലേവ് നടക്കുക. ഇന്ത്യൻ വിപണിയിലെ നിറ സാന്നിധ്യങ്ങളായ കുടുംബ ബിസിനസ്സുകളുടെ ശക്തി,വിജയം,പൈതൃകം, മൂല്യങ്ങൾ, പ്രവർത്തന രീതി എന്നിവ ചോരാതെ സമ്പത്തിനും അപ്പുറം തലമുറമാറ്റം എങ്ങനെ വിജിയകരമായി സാധ്യമാക്കാം എന്നതാണ് കോൺക്ലേവിന്റെ വിഷയം. രാവിലെ 9 മുതൽ വൈകിട്ട് 6 വരെയാണ് സമയക്രമം." ദി സീക്രട്ട് ബിഹൈൻഡ് ജനറേഷണൽ വെൽത്ത് ദി പവർ ഓഫ് ഫാമിലി ബിസിനസ്സ് 'എന്ന് പേരിട്ടിരിക്കുന്ന കോൺക്ലേവിൽ പ്രചോദനാത്മകമായ പ്രകടനങ്ങളിലൂടെ ശ്രദ്ധ നേടിയ ബിസിനസ്സ് രംഗത്തെ പ്രശസ്തർ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുമെന്ന് ഐടിസിസി ചെയർമാൻ അബ്ദുൽ കരീം പഴേരി അറിയിച്ചു.

ആഗോള സാമൂഹിക പ്രവർത്തകൻ മോഹൻജി , ചിന്തകനും മാനേജ്മെന്റ് വിദഗ്ധനുമായ സന്തോഷ് ബാബു, ബിസിനസ്സ് തന്ത്രജ്ഞനും കോച്ചുമായ മധു ഭാസ്കർ, ബിസിനസ്സ് മെന്റർ വി.കെ.മാധവ് മോഹൻ, പ്രചോദനാത്മക പരിശീലക സഹല പ്രവീൺ, കോർപ്പറേറ്റ് കൺസൾട്ടന്റ് സി.എസ്.അഷീക്ക് എ.എം., ഡിജിറ്റൽ ലെഗസി അർക്കിടെക്റ്റ് സുരേഷ് കുമാർ എന്നിവർ കോൺക്ലേവിൽ കുടുംബ വ്യവസായം സുസ്ഥിരവും ദീർഘകാല വിജയം ഉറപ്പുവരുത്തുന്നതുമാക്കാൻ സഹായകമായ പൈതൃക സംരക്ഷണം,തലമുറമാറ്റത്തിനുള്ള തന്ത്രങ്ങൾ,ബിസിനസ്സിൽ പുലർത്തേണ്ട നീതിയും മൂല്യങ്ങളും, സാങ്കേതിക വിദ്യയുടെ ഊർജ്ജം, ധനകാര്യ ഭദ്രതയും നിക്ഷേപ തന്ത്രങ്ങളും എന്നീ വിഷയങ്ങളെക്കുറിച്ച് സംസാരിക്കും.

ബിസിനസ് ലീഡർഷിപ്പിനെക്കുറിച്ച് യുവതലമുറക്ക് വേണ്ടി പ്രത്യേകം സെഷനുകൾ ഉണ്ടാകും.

വ്യവസായികൾ, സംരംഭകർ, മാനേജ്മെന്റ് വിദ്യാർത്ഥികൾ, കുടുംബബിസിനസ് മുന്നോട്ടുകൊണ്ടുപോകുന്നവർ തുടങ്ങിയവർക്ക് കോൺക്ലേവ് വളരെ പ്രയോജനകരമായിരിക്കുമെന്ന് ഐടിസിസി ചെയർമാൻ പറഞ്ഞു. രജിസ്ട്രേഷനായി 75929 15555 / 92495 11111 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.



# ത്രയംബകം ഭക്തിഗാന ആൽബം പുറത്തിറക്കി

**കൊച്ചി:**സീകിൻസ് കമ്മ്യൂണിക്കേഷൻസ് പുറത്തിറക്കിയ ത്രയംബകം. ഭക്തിഗാന ആൽബത്തിന്റെ ലോഞ്ചിംഗ് ചലച്ചിത്രതാരം ഹരിശ്രീ അശോകൻ നിർവഹിച്ചു.ആറന്മുള കൊറ്റനാട്: മലങ്കാവ് മലനട മൂലസ്ഥാനംവല്ലന അപ്പൂപ്പൻ കാവിലിന്റെ ഭക്തി ഗാനങ്ങളുടെ സമാഹാരമാണ് റിലീസ് ചെയ്തത്.ദൈവപുര സമർപ്പണത്തിന്റെയും. പത്താമുദയ തിരുമഹോത്സവത്തിന്റെയും ഭാഗമായിട്ടാണ്സീകിൻസ് കമ്മ്യൂണിക്കേഷൻസ് 'ത്രയംബകം'.പുറത്തിറക്കിയത്.പുതുമുഖ നടൻ ഫസൽ വല്ലന,ഗാനരചയിതാവ് രാജ് കുമാർ വല്ലന, സംഗീത സംവിധായകൻ എൻ.ആർ സുധർമ്മദാസ് ,

സംഗീതജ്ഞനും പിന്നണി ഗായകനുമായ് കെ.എസ്. ബിനു ആനന്ദ് ഗായകരായ രമേഷ് പൂച്ചാക്കൽ,കെ എസ് ശുഭ, സിനിമപ l ആർ ഒ പി ആർ സുമേരൻ എന്നിവരെയും ചടങ്ങിൽ ആദരിച്ചു. ദീപാ ജി നായർ,പ്രഭു വാര്യർ,ശരൺ ശശിധരൻവിൽസി ബാബു,രക്ഷാധികാരി രാജീവ് രാജൻ,അർച്ചന കൃഷ്ണകുമാർ മനോജ് കണിയാൻപറമ്പിൽ. തുടങ്ങിയവർ സംസാരിച്ചു.

# ചരിത്രം കുറിച്ച് ഖാദിഗ്രാമ വ്യവസായമേഖല; 1.70 ലക്ഷം കോടി രൂപയുടെ വിറ്റുവരവ്

**തിരുവനന്തപുരം:** 2024-25 സാമ്പത്തിക വർഷത്തിൽ ചരിത്രനേട്ടത്തിൽ ഖാദിഗ്രാമ വ്യവസായ കമ്മീഷൻ (കെവിഐഎസി). 1.70 ലക്ഷം കോടിരൂപയുടെ വിറ്റുവരവാണ് ഈ കാലയളവിൽ രേഖപ്പെടുത്തിയത്. സ്വയംപര്യാപ്തതയിലേക്കുള്ള രാജ്യത്തിന്റെ പ്രയാണത്തിലെ അഭൂതപൂർവമായ നാഴികക്കല്ലാണിത്. സൂക്ഷ്മചെറുകിടഇടത്തരം സംരംഭ മന്ത്രാലയത്തിന്റെ മാർഗനിർദേശവും ദശലക്ഷക്കണക്കിനു ഗ്രാമീണ കരകൗശല വിദഗ്ധരുടെ കഠിനാധ്വാനവുമാണ് ഈ വിജയത്തിനു പിന്നിലെന്നു കെവിഐഎസി ചെയർമാൻ മനോജ് കുമാർ പറഞ്ഞു. ന്യൂഡൽഹിയിലെ രാജ്ഘാട്ട് ഓഫീസിൽ ഇതുമായി ബന്ധപ്പെട്ട താൽക്കാലിക കണക്കുകളും അദ്ദേഹം പുറത്തിറക്കി. മഹാത്മാഗാന്ധിയുടെ ഖാദിയുടെ പൈതൃകം ദേശീയ ഐക്യത്തിന്റെ കരുത്തുറ്റ പ്രതീകമായി പരിണമിച്ചുവെന്നും 2047ൽ വികസിത രാഷ്ട്രമാകാനുള്ള ഇന്ത്യയുടെ കുതിപ്പിന് ഇതു ഗണ്യമായ സംഭാവനയേകുമെന്നും മനോജ് കുമാർ പറഞ്ഞു.

കഴിഞ്ഞ ദശകത്തിൽ, ഉൽപ്പാദനത്തിലും വിൽപ്പനയിലും കെവിഐഎസി അസാധാരണ വളർച്ചയാണു കൈവരിച്ചത്. ഉൽപ്പാദനം 2013-14ലെ 26,109.07 കോടിയിൽനിന്ന് 2024-25ൽ 1,16,599.75 കോടിയെന്ന നിലയിൽ (347% വർധന) ഏകദേശം നാലിരട്ടിയായി വർദ്ധിച്ചു. വിൽപ്പന 2013-14ലെ 31,154.19 കോടിയിൽനിന്ന് ഏകദേശം അഞ്ചിരട്ടിയായി വർദ്ധിച്ച് 2024-25ൽ 1,70,551.37 കോടിയായി (447% വർദ്ധന). തൊഴിലവസരങ്ങളിലുണ്ടായത് 49.23% വർദ്ധനയാണ്. ഇപ്പോൾ 1.94 കോടി പേർക്കാണ് ഈ മേഖലയിൽ തൊഴിൽ നൽകുന്നത്. 2013-14ൽ ഇത് 1.30 കോടിയായിരുന്നു.

ഖാദി വസ്ത്രങ്ങളിൽ റെക്കോർഡ് വിൽപ്പനയാണ് ഈ കാലയളവിലുണ്ടായത്. ഉൽപ്പാദനം 366% വർദ്ധിച്ച് 3,783.36 കോടിയിലെത്തി. വിൽപ്പന ആറുമടങ്ങു വർദ്ധിച്ച് 7,145.61 കോടിയായി. ന്യൂഡൽഹി ഖാദി ഗ്രാമോദ്യോഗ് ഭവന്റെ വിറ്റുവരവ് 110.01 കോടിയിലെത്തി. 2013-14 കാലയളവിനെ അപേക്ഷിച്ച് ഇത് ഇരട്ടിയാണ്. പിഎം തൊഴിൽ സൃഷ്ടിക്കൽ പരിപാടിക്കു കീഴിൽ സ്ഥാപിക്കപ്പെട്ട 10 ലക്ഷത്തിലധികം യൂണിറ്റുകൾ 90 ലക്ഷം പേർക്കു തൊഴിൽ നൽകിയെന്നും അദ്ദേഹം വ്യക്തമാക്കി.ഗ്രാമോദയ്യോഗ് വികാസ് യോജന പദ്ധതിപ്രകാരം ഗ്രാമപ്രദേശങ്ങളിലെ പരമാവധി പേർക്കു തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെ, 202526ൽ ഗ്രാമീണ തൊഴിൽ സംരംഭങ്ങൾക്കുള്ള ബജറ്റ് വിഹിതം കെവിഐഎസി 60 കോടിയെന്ന നിലയിൽ ഇരട്ടിയാക്കി. ഇതു സുപ്രധാന നാഴികക്കല്ലുകൾ കൈവരിക്കാൻ സഹായിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ ഇത് 25.65 കോടി രൂപയായിരുന്നു. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന മൺപാത്രചക്രങ്ങൾ, തയ്യൽ മെഷീനുകൾ, തേനീച്ചപ്പെട്ടികൾ, ചന്ദനത്തിരി യന്ത്രങ്ങൾ എന്നിവയുൾപ്പെടെ 2,87,752 ഉപകരണങ്ങൾ വിതരണം ചെയ്തു. പരിശീലനത്തിലൂടെയും ഉപകരണ വിഹിതത്തിലൂടെയും ഗ്രാമീണ ഇന്ത്യയിൽ സ്വയംപര്യാപ്തത വർദ്ധിപ്പിച്ചു.വനിതാ കരകൗശല വിദഗ്ധരെ ശാക്തീകരിക്കുന്നതിൽ കെവിഐഎസി ഗണ്യമായ പുരോഗതി കൈവരിച്ചു. കഴിഞ്ഞ ദശകത്തിലെ 7.43 ലക്ഷം പരിശീലനാർത്ഥികളിൽ 57.45 ശതമാനവും സ്ത്രീകളാണ്. അഞ്ചുലക്ഷം ഖാദി കരകൗശല വിദഗ്ധരിൽ 80% പേരും സ്ത്രീകളാണ്. കഴിഞ്ഞ 11 വർഷത്തിനിടെ കരകൗശലത്തൊഴിലാളികളുടെ വേതനം 275% വർദ്ധിച്ചു. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ മാത്രം 100% വർദ്ധനയാണുണ്ടായതെന്നും മനോജ് കുമാർ പറഞ്ഞു.




# സ്റ്റൻഎയർ കണ്ടീഷണർ പുറത്തിറക്കി ലോയ്ഡ്

**കൊച്ചി:** ഹാവെൽസ് ഇന്ത്യയിലെ മുൻനിര കൺസ്യൂമർ ഡ്യൂറബിൾസ് ബ്രാൻഡായ ലോയ്ഡ്, പുതിയ ലക്ഷ്വറി കളക്ഷനിലെ ശ്രദ്ധേയമായ കൂട്ടിച്ചേർക്കലായ സ്റ്റൻഎയർ കണ്ടീഷണർ പുറത്തിറക്കി. സൂപ്പർസ്റ്റാറായ മഹേഷ് ബാബു, തമന്ന ഭാട്ടിയ എന്നിവരെ ഉൾപ്പെടുത്തിയാണ് പരസ്യം ചിത്രം പുറത്തിറക്കിയിരിക്കുന്നത്. ഉജ്ജ്വലമായ പരസ്യത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന സ്റ്റൻഎയർ, സ്ലൈഡിംഗ് ഫാസിയയും മൂഡ് ലൈറ്റിംഗും, നൂതനമായ ശൈലിയും സംയോജിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ എഐ പവർഡ് ഡിസൈനർ എസിയാണ്. മികച്ച കൂളിംഗ് കാര്യക്ഷമത നൽകിക്കൊണ്ട് വീടിന്റെ ഇന്റീരിയറുകൾ ഉയർത്താൻ രൂപകൽപ്പന ചെയ്തിരിക്കുന്നു.